compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂൺ 16
Tuesday, 16th June 2026

1201 മിഥുനം 2
2nd Mithunam 1201

1948 ജ്യേഷ്ഠം 26
26th Jyaishta 1948

വാല്യം 15
Vol. XV

നമ്പർ / **No.** **24**

Part III

Forest and Wildlife Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള വനം വകുപ്പ്
കോതമംഗലം ഡിവിഷൻ

നം: KFDDO/11855/2026 /DFOKGLM G1 **തീയതി: 15.06.2026**

ഇ-ലേല പരസ്യം

കോതമംഗലം ഡിവിഷനിലെ കോതമംഗലം റെയിഞ്ചിലെ 1955, 1956 തേക്ക് തോട്ടത്തിലൂടെ കടന്നുപോകുന്ന സോളാർ ഫെൻസിങ്ങിന് ഭീഷണിയായി നിൽക്കുന്ന വിവിധയിനം മൃദുമരങ്ങൾ വെട്ടിശേഖരിച്ച് നീക്കംചെയ്യുന്നതിനുള്ള അവകാശം 10.12.2013 -ലെ 49-ാം നമ്പർ വാല്യം II (നോട്ടിഫിക്കേഷൻ നം: Pro (5) 26274/12 തീയതി : 22.11.2013), കേരള ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ള പൊതുദർഘാസ്/ലേല വ്യവസ്ഥകൾക്കും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 17.10.2024 ലെ Pro (4) - 29243/20213 നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള ലേല വ്യവസ്ഥകൾക്കും, വനംവകുപ്പിൽ നിലവിലുള്ള ഇതര ലേല വ്യവസ്ഥകൾക്കും വിധേയമായി കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ ഇ-ലേലം/പൊതുലേലത്തിലൂടെ വിൽക്കുന്നതാണ്. പട്ടികയിൽ പറയുന്ന ഉൽപ്പന്നങ്ങൾ ഉദ്ദേശ അളവാണ്. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുൻപ് 25,000/-രൂപ (ഇരുപത്തയ്യായിരം രൂപ) ഓൺലൈനായി നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ ലേലത്തുകയുടെ 35%, ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം 'ഇ-പേയ്മെന്റായി' അടയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമ പ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ എഫ്.ഡി.റ്റി ആദായനികുതി, ജി.എസ്. ടി . മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതാണ്.

ടി ഇ-ലേലം/പൊതുലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി പൊതുലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതോടൊപ്പം ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ, സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ-പ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടി ഇ-ലേലം/പൊതുലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുമ്പായി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും അളവും നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്. ഇ-ലേലം/പൊതുലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്കുമുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉണ്ടായാൽ ആയതും ടി ലേലത്തിന് ബാധകമായിരിക്കും. വിൽപ്പനക്ക് വയ്ക്കുന്ന ഉൽപ്പന്നങ്ങൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ആവശ്യമായി വരുന്ന പക്ഷം ആയത് കിഴിച്ചുള്ള ഉൽപ്പന്നങ്ങൾ മാത്രമേ ഇ-ലേലം/പൊതുലേലത്തിൽ വിൽക്കുകയുള്ളൂ. പട്ടികയിൽ കാണിച്ചിട്ടുള്ള തീയതിയിൽ നടക്കുന്ന ഇ-ലേലത്തിൽ വിറ്റുപോകാത്ത ഉൽപ്പന്നങ്ങൾ പട്ടികയിൽ കാണിച്ചിട്ടുള്ള അടുത്ത ലേല തീയതിയിൽത്തന്നെ പൊതുലേലം നടത്തുന്നതായിരിക്കും. ഇതിനായി ഇനിയൊരു പൊതുലേല പരസ്യം പ്രസിദ്ധപ്പെടുത്തുന്നതല്ല.

ക്രമ നം.	റെയിഞ്ച്	തോട്ടത്തിന്റെ പേര്	ഉൽപ്പന്നത്തിന്റെ വിവരം	അളവ്
1	കോതമംഗലം	1955 തേക്ക് തോട്ടം	വിവിധ ഇനങ്ങളിലുള്ള മൃദു മരങ്ങൾ	32.32 m^3 (47 Nos.)
2		1956 തേക്ക് തോട്ടം		7.682 m^3 (14 Nos.)

നിരതദ്രവ്യം : 25,000/- രൂപ

ഇ-ലേല തീയതി : 24.06.2026, 03.07.2026, 13.07.2026

പൊതുലേല തീയതി : 23.07.2026

സ്ഥലം : റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കോതമംഗലം

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ബാഗ്ലൂർ എം.എസ്.റ്റി.സി.ലിമിറ്റഡിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ലേലത്തിനു മുമ്പുതന്നെ മരങ്ങളുടെ അളവും ഗുണനിലവാരവും എന്നിവ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ലേലവ്യവസ്ഥകൾ വായിച്ചുനോക്കി ബോധ്യപ്പെടേണ്ടതുമാണ്. ലേലത്തിനുശേഷം ഇതു സംബന്ധിച്ച പരാതികളൊന്നും സ്വീകരിക്കുന്നതല്ല.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) തിരുവനന്തപുരത്തിന്റെ 11.12.2012 ലെ പ്രൊ(5)26274/12-ാം നമ്പറായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ ലേല വ്യവസ്ഥകൾക്കും നിൽപ്പ മരങ്ങളുടെ വിൽപ്പന സംബന്ധിച്ച് നിലവിലുള്ള മറ്റു വ്യവസ്ഥകൾക്കും കൂടാതെ താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ലേലം.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ലേലത്തിന് തൊട്ടുമുമ്പത്തെ ദിവസം വൈകീട്ട് 6.00 മണിക്ക് മുമ്പായി നിരതദ്രവ്യമായ 25,000/- രൂപ ഇ-ട്രഷറിയിൽ ഇ-ചലാൻ മുഖേന 0406-01-101-99-05 എന്ന ഹെഡിൽ അടയ്ക്കാവുന്നതാണ്. ഇ-ചലാൻ പകർപ്പ് കോതമംഗലം ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ മെയിൽ ഐ.ഡി. ആയ dfo-kglm.for@kerala.gov.in ലേക്ക് ഇ-മെയിൽ മുഖാന്തിരം അയക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത നിരതദ്രവ്യം മുൻകൂർ അടക്കുന്ന ലേലക്കാരനു മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

1. വിജയി ആകുന്ന ലേലക്കാരൻ ലേലസ്ഥിരീകരണ കത്ത് ലഭിച്ച് 7 ദിവസത്തിനകം ലേലത്തുകയുടെ 35% (മുപ്പത്തിയഞ്ച് ശതമാനം) തുക (നിരതദ്രവ്യം കുറച്ചതിനുശേഷമുള്ള തുക) ഒടുക്കേണ്ടതാണ്. ഈ തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേന അടയ്ക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.
2. ലേലത്തിൽ പരാജയപ്പെടുന്ന ലേലക്കാരന്റെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.
3. ലേലത്തിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും, സമയത്തും ലേലം നടത്തുന്നതായിരിക്കും.
4. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുൻപായി ഉൽപ്പന്നങ്ങളുടെ അളവും ഗുണനിലവാരവും പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും അവ സംബന്ധിച്ച യാതൊരു പരാതികളും ലേലത്തിൽ പരിഗണിക്കുന്നതുമല്ല.

5. ലേലം സ്ഥിരീകരിച്ച് അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയുടെ മൂന്നിലൊന്നും മൊത്തം തുകയുടെ 5% വനവികസന നികുതിയും നിലവിലുള്ള നിരക്കിൽ ചരക്ക് സേവനനികുതി, വരുമാനനികുതി എന്നിവയും ഒടുക്കി മൊത്തം ലേലത്തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റും വെച്ച് മൊത്തം ലേലത്തുകയുടെ 0.1% രൂപയുടെ മുദ്രപ്പത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്. 15 ദിവസത്തിനുള്ളിൽ ടി തുകകൾ ഒടുക്കാതിരുന്നാൽ 12% പലിശയോടുകൂടി തുകകൾ ഒടുക്കുന്നതിന് 15 ദിവസത്തെ സമയവും 24% പലിശയോടുകൂടി 15 ദിവസത്തെ സമയവും യുക്തംപോലെ കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. ഈ കാലാവധിക്കുള്ളിലും തുക ഒടുക്കാതെ വന്നാൽ കോട്ടയം ഹൈറേഞ്ച് സർക്കിൾ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് യുക്തം പോലെ 24% പലിശ നിരക്കിൽ 15 ദിവസത്തേയ്ക്കും വീണ്ടും 48% പലിശനിരക്കിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അവർകളുടെ യുക്തം പോലെ 15 ദിവസത്തേയ്ക്കും സമയം അനുവദിക്കാവുന്നതാണ്. എന്നാൽ മുകളിൽ പറഞ്ഞ സമയപരിധികളെല്ലാം കരാർ കാലാവധിക്കുള്ളിലായിരിക്കും.
6. ബാക്കിയുള്ള മൂന്നിൽ രണ്ട് ലേല തുക രണ്ടു തുല്യ ഗഡുക്കളായി ഒടുക്കേണ്ടതാണ്. ആദ്യ ഗഡു കരാർ തീയതി മുതൽ 15 ദിവസത്തിനകവും, രണ്ടാം ഗഡു കരാർ തീയതി മുതൽ ഒരു മാസത്തിനകമോ കരാർ കാലാവധിക്കകമോ ഏതാണോ ആദ്യം ആ കാലാവധിക്കുള്ളിലും ഒടുക്കേണ്ടതാണ്. ടി കാലാവധിക്കുള്ളിൽ പണം ഒടുക്കുവാൻ കഴിയാതെ വന്നാൽ 12% പലിശനിരക്കിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 15 ദിവസത്തേക്കും, 24% പലിശ നിരക്കിൽ കോട്ടയം ഹൈറേഞ്ച് സർക്കിൾ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് യുക്തം പോലെ 30 ദിവസത്തേക്കും വീണ്ടും 30 ദിവസത്തേക്ക് 48% പലിശ നിരക്കിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അവർകളുടെ യുക്തംപോലെയും കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്. എന്നാൽ മുകളിൽ പറഞ്ഞ സമയപരിധികളെല്ലാം കരാർ കാലാവധിക്കുള്ളിലായിരിക്കും.
7. ലേലം കൊള്ളുന്ന ആൾക്ക് നിയത വിസ്തൃതിയുള്ള തോട്ടത്തിൽ മാർക്ക് ചെയ്ത് നിർത്തിയിരിക്കുന്ന മരങ്ങൾക്കും മാത്രം അവകാശമുണ്ടായിരിക്കും. ലേലം കൊള്ളുന്ന തോട്ടത്തിലെ മറ്റ് ഇനത്തിലുള്ള മരങ്ങൾ മരം വെട്ടിമുറിച്ചു മാറ്റുന്നതിന് അവകാശമില്ലാത്തതുമാകുന്നു.
8. വിജയിയായ ലേലക്കാരൻ നിലവിലുള്ള നിരക്കിൽ ജി.എസ്.ടി, വനവികസനനികുതി, വരുമാന നികുതി എന്നിവയും ഒടുക്കേണ്ടതാണ്.
9. ഇ-ലേലത്തിന് പോസ്റ്റ് ഓഫറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
10. കരാർ കാലാവധി ലേലം സ്ഥിരീകരിച്ച് അറിയിക്കുന്ന തീയതി മുതൽ 60 ദിവസമാണ്. സാധാരണ ഗതിയിൽ കൂപ്പിന്റെ കാലാവധി നീട്ടിക്കൊടുക്കുന്നതല്ല. എന്നാൽ പ്രത്യേക സാഹചര്യത്തിലും മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിലും, കോട്ടയം ഹൈറേഞ്ച്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ താഴെ പറയുന്ന പ്രകാരം ക്രൂപ്പിന് ഒരു മാസം വരെ കരാർ കാലാവധി നീട്ടിനൽകാവുന്നതാണ്.

a. മുറിക്കാൻ ബാക്കിയുള്ള ഭാഗത്തിന് ഹെക്ടറിന് 750/- രൂപ നിരക്കിൽ പിഴ ഈടാക്കാവുന്നതാണ്.

b. മുറിച്ച തടികൾ ക്രൂപ്പിൽ നിന്നും നീക്കം ചെയ്യാതെ അവശേഷിക്കുന്നുണ്ടെങ്കിൽ അവശേഷിക്കുന്ന മരങ്ങൾക്ക് ക്യുബിക് മീറ്ററിന് 100/- രൂപ നിരക്കിൽ പിഴ ഈടാക്കാവുന്നതാണ്.

c. വിറക് ക്രൂപ്പിൽ നിന്നും നീക്കം ചെയ്യാതെ അവശേഷിക്കുന്നുണ്ടെങ്കിൽ അവശേഷിക്കുന്ന വിറകിന് ഒരു ടണ്ണിന് 50/- രൂപ നിരക്കിൽ പിഴ ഈടാക്കുന്നതാണ്.

കരാറുകാരന് കാലാവധിക്കുള്ളിൽ നീക്കം ചെയ്യപ്പെടാത്ത തടിക്കും വിറകിനുമാണ് പിഴ ഈടാക്കുന്നത്. ഇപ്രകാരം നീട്ടി നൽകുന്ന തീയതിക്കുള്ളിലും നീക്കം ചെയ്യാതെ കിടക്കുന്ന തടിയും വിറകും കണ്ടുകെട്ടി ഗവൺമെന്റിലേക്ക് മുതൽ കൂട്ടുന്നതും കരാറുകാരന് ആയതിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. ഉടമ്പടിക്കാരൻ ചെയ്യ തീർക്കുവാനുള്ള ജോലികൾ ഡിപ്പാർട്ട്മെന്റ് ചെയ്യിക്കുന്നതും ആയതിൽ വച്ചുണ്ടാകുന്ന മുഴുവൻ ചെലവും ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

11. ലേലത്തിൽ വെച്ചിട്ടുള്ള തോട്ടങ്ങൾ ലേലക്കാരൻ യാതൊരു കാരണവശാലും മറ്റേതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ കൈമാറുവാൻ പാടുള്ളതല്ല.
12. കോതമംഗലം ഡിവിഷണൽ ഫോറസ്റ്റാഫീസറുടെയോ, കോതമംഗലം റെയ്ഞ്ചാഫീസറുടെയോ രേഖാമൂലമുള്ള അനുമതിയോടുകൂടി മാത്രമേ കരാറുകാരനോ അയാളുടെ ആളുകളോ ക്രൂപ്പിൽ പ്രവേശിക്കുവാൻ പാടുള്ളൂ.
13. ലേലക്കാരൻ ക്രൂപ്പിന്റെ കാലാവധി തീരുന്നതുവരെ എല്ലാ സമയവും ക്രൂപ്പിൽ ഉണ്ടായിരിക്കണം. ക്രൂപ്പിന്റെ ബൗണ്ടറികൾ രണ്ട് മീറ്റർ വീതിയിൽ തെളിയിക്കുകയും ജങ്കുകൾ യഥാവിധി സംരക്ഷിക്കേണ്ടതുമാണ്.
14. കരാർ ഏറ്റെടുത്തിട്ടുള്ള പ്രദേശത്ത് ലേലക്കാരൻ സാക്ഷ്യപ്പെടുത്തിയ ഏജന്റ് എപ്പോഴും ലഭ്യമാകേണ്ടതാണ്. ഇപ്രകാരം കരാറുകാരൻ സാക്ഷ്യപ്പെടുത്തി ഏർപ്പെടുത്തുന്ന ഏജന്റ് / ഏജന്റുമാരുടെ പേര്, അഡ്രസ്സ്, സാക്ഷ്യപ്പെടുത്തിയ ഒപ്പ് എന്നിവ കോതമംഗലം ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ മുൻപാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ലേലക്കാരൻ ഏർപ്പെടുത്തുന്ന ഏജന്റിനെ നിരസിക്കാനുള്ള അധികാരം കോതമംഗലം ഡിവിഷൻ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. കേരള വനം വകുപ്പ്, കേരള സർക്കാരോ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുള്ള വ്യക്തികളെ ഏജന്റുമാരെയോ ജോലിക്കാരായോ ലേലക്കാരൻ ഉൾപ്പെടുത്തുവാൻ പാടില്ല.
15. ലേലക്കാരനും ഏജന്റും ജോലിക്കാരും കേരള വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ തടികൾ മുറിപ്പ് മേഖലയുമായി ബന്ധപ്പെട്ട് സമയസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥരാണ്.
16. യാതൊരു കാരണവശാലും പ്ലാന്റേഷനിലെയും റിസർവ്വിലെയും മറ്റ് മരങ്ങൾക്കും തടികൾക്കും കെട്ടിടങ്ങൾക്കോ നാശനഷ്ടങ്ങളോ വരുത്തുവാൻ പാടില്ല. അത്തരത്തിൽ ഉണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ ഉത്തരവാദി ആയിരിക്കുന്നതാണ്.
17. കരാർ പ്രദേശത്തു വെട്ടി ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് തീ പിടുത്തം, കള്ളത്തരം മൂലം മറ്റെന്തെങ്കിലും കാരണങ്ങളാലോ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ലേലക്കാരൻ ഉത്തരവാദി ആയിരിക്കുന്നതാണ്. വെട്ടി ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് നാശനഷ്ടം സംഭവിക്കാതിരിക്കാൻ തക്കതായ സുരക്ഷാ ക്രമീകരണങ്ങൾ സ്വന്തം ചെലവിൽ ഇൻഷുറൻസ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
18. ലേലക്കാരനും, ലേലക്കാരന്റെ ഏജന്റും, മറ്റ് ജോലിക്കാരും കേരള ഫോറസ്റ്റ് ആക്ട്, വന്യജീവി സംരക്ഷണ നിയമം തുടങ്ങിയ എല്ലാ വനനിയമങ്ങളും പാലിക്കുവാൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബാധ്യസ്ഥരാണ്. ക്രിമിനൽ കുറ്റങ്ങളിൽ പ്രതി ചേർക്കപ്പെട്ടിട്ടുള്ളവർക്ക് യാതൊരു കാരണവശാലും ജാമ്യം നൽകാൻ അനുവദിക്കില്ല.

19. കോൺട്രാക്ടറുടെ സെക്യൂരിറ്റി തുക കാലാവധിക്കുശേഷവും കോൺട്രാക്ടർ ജി.എസ്.ടി, ഇൻകം ടാക്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് തിരിച്ചുനൽകുന്നതാണ്. എന്നാൽ ടി തുകയിൽ ഗവൺമെന്റിലേക്ക് ബാധ്യതകൾ വരുത്തുന്നുണ്ടെങ്കിൽ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്.
20. നിശ്ചിത ക്ലൂപ്തകളെ സംബന്ധിച്ച എല്ലാ പൊതു നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

21. മുറിച്ച മാറ്റിയ മരങ്ങൾ സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നത് ലേലത്തുകയോ നികുതികളോ പൂർണ്ണമായും അടച്ചതിനുശേഷം മാത്രമായിരിക്കും. മുറിച്ച മരങ്ങൾ സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിന് വനം വന്യജീവി വകുപ്പിൽ നിന്നും കരാറുകാരൻ പാസ്സ് ലഭ്യമാക്കേണ്ടതാണ്.
22. മരങ്ങൾ നിൽക്കുന്ന സ്ഥലത്തിന്റെ 0.4 കി. മീ. ചുറ്റളവിൽ സംഭവിക്കുന്ന എല്ലാ കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടുന്നതാണ്.
23. മരങ്ങൾ മുറിച്ചു നീക്കുന്നതിനിടയിൽ സർക്കാരിനോ, സ്വകാര്യ വ്യക്തികൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, കരാറുകാരന്റെ ജോലിക്കാർ, പൊതുജനങ്ങൾ എന്നിവർക്ക് അപകട മരണങ്ങൾ എന്നിവയ്ക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.
24. ഇ-ലേലം നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിന് ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുൻപ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മറ്റൊരു അറിയിപ്പും കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.
25. ഇ-ലേലം സംബന്ധിച്ച് എം.എസ്.ടി.സി. പുറപ്പെടുവിച്ചിട്ടുള്ള പൊതുനിയമങ്ങളും നടപടിക്രമങ്ങളും മേൽ ലേലത്തിനും ബാധകമായിരിക്കും.
26. ഗവൺമെന്റ് നിരക്ക് പ്രകാരം കണക്കാക്കിയ സീനിയറേജ് നിരക്കിന് താഴെയാണ് പ്രാരംഭ വില വരുന്നുണ്ടെങ്കിൽ വിജയിക്കുന്ന ലേലക്കാരന് വർക്ക് നൽകുന്നതിന് മുൻപ് സർക്കാരിൽ നിന്നും ആവശ്യമായ അനുമതി തേടേണ്ടതാണ്.

ഇ-ലേലം സംബന്ധിച്ച് വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

കൂടുതൽ വിവരങ്ങൾ കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ കോതമംഗലം റെയിഞ്ച് ഫോറസ്റ്റ് ഓഫീസുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഇ-മെയിൽ – E-mail: dfo-kglm.for@kerala.gov.in

കോതമംഗലം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്- (ഫോൺ നം. 0485 2822317)
കോതമംഗലം റെയിഞ്ച് ഓഫീസ്- (ഫോൺ നം.0485 2824995 8547601323)

കോതമംഗലം
15.06.2026

സൂരജ് ബെൻ.കെ.ആർ. ഐ.എഫ്.എസ്.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(കേരള ഗവർണർക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വാഴച്ചാൽ വനം ഡിവിഷൻ

ഇ–ദർഘാസ് പരസ്യം

നമ്പർ : KFDDO/11910/2026-D **തീയതി: 12.06.2026**

കേരള ഗവർണ്ണർക്കുവേണ്ടി വാഴച്ചാൽ ഡിവിഷനിൽ താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന പ്രവർത്തിക്ക് കേരള പൊതുമരാമത്ത് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നും വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഓൺലൈൻ ദർഘാസുകൾ **ഇ–ദർഘാസ്** പരസ്യം മുഖേന ക്ഷണിക്കുന്നു. ദർഘാസുകാർ വനം വകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടു വരുന്നതുമായ എല്ലാ നിബന്ധനകളും, ഇതര വ്യവസ്ഥകളും പാലിയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണ വില എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ-യുടെ Internet Online Banking വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉപയോഗിയ്ക്കേണ്ടതാകുന്നു.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ടെണ്ടറുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം 200 രൂപയുടെ കേരളാസർക്കാരിന്റെ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, പാൻ കാർഡ്, ജി.എസ്.ടി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, PWD/Irrigation സൂപ്രണ്ടിംഗ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇ-പെയ്മെന്റ് ഫോം, ബിഡ് ഡോക്യുമെന്റ്, BOQ മുതലായവയും, വിവിധ വകുപ്പുകളിൽ നിലവിൽ ഏറ്റെടുത്തിട്ടുള്ളതുമായ ജോലികളുടെ വിവരങ്ങളും, എക്സിപീരിയൻസ് സർട്ടിഫിക്കറ്റ് എന്നിവയും സ്കാൻചെയ്ത് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്തതും, ഇ-ടെണ്ടർ തുറക്കുന്നതിന് മുമ്പായി മേൽപ്പറഞ്ഞ രേഖകളുടെ ഒറിജിനൽ ഓഫീസിലേക്ക് സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ N.I.C. യിൽ നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Help desk നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും, ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിനും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല. ടെണ്ടർ തുറക്കുന്ന തീയ്യതി ഒരു പൊതു അവധിയായി പ്രഖ്യാപിക്കുകയോ, സാങ്കേതികമായ മറ്റേതെങ്കിലും കാരണങ്ങളാലോ, ടെണ്ടർ തുറക്കാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടർ തുറക്കുന്നതായിരിക്കും.

ദർഘാസ് സ്വീകരിച്ച ശേഷം പ്രവൃത്തി ലഭിച്ച കരാറുകാരൻ എഗ്രിമെന്റ് വച്ച് ജോലി ഏറ്റെടുക്കാതെ വീഴ്ച വരുത്തുന്ന പക്ഷം പ്രസ്തുത പ്രവൃത്തി വീഴ്ച വരുത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ദർഘാസ് ചെയ്യുന്നതും, ഇപ്രകാരം പുനർ ദർഘാസ് മൂലം സർക്കാരിന് വരുന്ന നഷ്ടങ്ങൾക്ക് ഒറിജിനൽ കരാറുകാരൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവാദിയായിരിക്കുന്നതും, അപ്രകാരം ഉണ്ടാകുന്ന നഷ്ടങ്ങൾ വീഴ്ച വരുത്തിയ കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്ന് റവന്യൂ റിക്കവറി ആക്ട് പ്രകാരം ഈടാക്കുന്നതിന് 200 രൂപ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം എഴുതി ഒപ്പിട്ട് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. കേരള പൊതുമരാമത്തു വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച നിലവിലുള്ള എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും. ഈ ദർഘാസിലെ ഏതൊരു പ്രവൃത്തിയും ഒരു മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിയ്ക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു.

ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

ക്രമ നം:	ദർഘാസ് നമ്പർ	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക	നിരത ദ്രവ്യം	ദർഘാസ് പ്രമാണത്തിന്റ വില	കരാറു കാരന്റെ ക്ലാസ്	പ്രവൃത്തി തീർക്കേണ്ട കാലാവധി
1.	**12/2026-27**	2026–27 സാമ്പത്തിക വർഷത്തിൽ ചാർപ്പ റെയിഞ്ചിലെ അതിരപ്പിള്ളി കൃത്തിന്റെ ഏരിയയിൽ കഫെറ്റീരിയ നിർമ്മിക്കുന്ന പ്രവൃത്തി	**26,00,000/-**	**50,000/-**	**2500 +18%GST**	**A, B & C**	**180 days**
2.	**13/2026-27**	2026–27 സാമ്പത്തിക വർഷത്തിൽ ചാർപ്പ റെയിഞ്ചിലെ അതിരപ്പിള്ളി വിനോദ സഞ്ചാരകേന്ദ്രത്തിൽ ഫസ്റ്റ് എയ്ഡ്, ഫീഡിംഗ് സെന്റർ നിർമ്മിക്കുന്ന പ്രവൃത്തി	**13,90,000/-**	**34,800/-**	**2500 +18%GST**	**A, B, C & D**	**150 days**
3.	**14/2026-27**	2026–27 സാമ്പത്തിക വർഷത്തിൽ വാഴച്ചാൽ റെയിഞ്ചിലെ വാഴച്ചാൽ ഫോറസ്റ്റ് സ്റ്റേഷനിൽ പഴയ ഇക്കോഷോപ്പ് കെട്ടിടം ഇക്കോ ഷോപ്പ് കം കഫറ്റീരിയ ആയി പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തി	**17,71,000/-**	**44,300/-**	**2500 +18%GST**	**A, B, C & D**	**150 days**
4.	**15/2026-27**	2026–27 സാമ്പത്തിക വർഷത്തിൽ ചാർപ്പ റെയിഞ്ചിലെ അതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ മുകൾഭാഗം മുതൽ താഴെ ഭാഗം വരെയുള്ള നടപ്പാതയുടെ നവീകരണ പ്രവൃത്തി	**22,50,000/-**	**50,000/-**	**2500 +18%GST**	**A, B, C & D**	**180 days**

ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാക്കുന്ന തീയ്യതി : **17.06.2026** വൈകുന്നേരം **05.00** മണി

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയ്യതിയും സമയവും : **26.06.2026** വൈകുന്നേരം **05.00** മണി വരെ

ടെണ്ടർ തുറക്കുന്ന തീയ്യതിയും സമയവും : **30.062026** രാവിലെ **11.00** മണി

കരാർ കാലാവധി : മേൽ പട്ടികയിൽ പറയും പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൂടുതൽ വിവരങ്ങൾ വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും (ഫോൺ 0480 2701713) പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

(ഒപ്പ്)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,

വാഴച്ചാൽ ഡിവിഷൻ,ചാലക്കുടി

(കേരള ഗവർണ്ണർക്കു വേണ്ടി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KERALA FOREST DEPARTMENT
VAZHACHAL FOREST DIVISION

E-TENDER NOTIFICATION

KFDDO/11910/2026-D **Dated: 12.06.2026**

The Divisional Forest Officer, Vazhachal Division for and on behalf of Governor of Kerala invites online tenders from registered bidders having a valid and active registration with PWD for the following work. The renderer is bound to comply with the terms and conditions in force, besides the conditions that will be framed by the Government in future in connection with this tender. Tender documents and schedules are available in the website: www.etenders.kerala.gov.in. The Earnest Money Deposit and tender cost for the tender should be submitted through the Internet online banking of SBI or through NEFT for other banks. For submission of tenders visit the website www.etenders.kerala.gov.in.

All bid/tender documents are to be submitted online only and in the designated Online cover (s) / envelope(s) on the www.etenders.kerala.gov.in website and tenders submitted manually/through post will not be entertained. Late tenders will not be accepted.

Online tenders/bids are to be accompanied with a preliminary agreement executed in Kerala Stamp paper worth ₹200/-. Tenders /bids received online without the scanned copies of relevant documents, preliminary agreement and scanned copies of registration certificate attested by E.E. etc., will not be considered and shall be summarily rejected. Any further clarification on this tender can be obtained from NIC/the e-tender Helpdesk number available in the www.etenders.kerala.gov.in website and from the office of the Divisional Forest Officer, Vazahcahal Division, Chalakudy during the office hours. The details regarding e-payment (Bidder's Bank Account No. where he/she is having core banking facility and email ID) should be submitted along with the tender. Tenders without these details will not be accepted. Technical bid and financial bid shall be submitted in their respective designed online covers.

The Forest Department will not be responsible for any inconvenience or loss to the Bidder while uploading/downloading the bid.

The successful tenderer should execute an agreement in the prescribed format in a stamp paper worth ₹200/-. If the notified date of tender happens to be a holiday, or if it is not possible to open the tender due to technical reasons, the tender will be opened on the very next working day. Under signed reserves all rights for cancelling any work at any time without further

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

intimation. All other existing condition related to e-tendering of Kerala PWD/Forest will be applicable for this tender also.

Details of tender are furnished below in the Schedule.

SCHEDULE

Sl. No	Tender No.	Name of work	Estimate amount	Earnest Money Deposit	Cost of Tender Form	Type of Contractor	Period for completion
1.	**12/ 2026-27**	Construction of Cafeteria at Athirapilly kuthu in Charpa Range during 2026-27	26,00,000/-	50,000/-	2500 +18%GST	A, B & C	180 days
2.	**13/ 2026-27**	Construction of First Aid and feeding centre at Athirapilly in Charpa range during 2026-27	13,90,000/-	34,800/-	2500 +18%GST	A, B, C & D	150 days
3.	**14/ 2026-27**	Estimate for the Construction of Cafeteria and Eco-shop at Vazhachal in Vazhachal range during 2026-27	17,71,000/-	44,300/-	2500 +18%GST	A, B, C & D	150 days
4.	**15/ 2026-27**	Improvements to the walkway from Athirapilly top to downstream side up to 140mts in Charpa range 2026-27	22,50,000/-	50,000/-	2500 +18%GST	A, B & C & D	180 days

Date from which tender forms will be available in the web site	:	**17.06.2026 at 5.00 pm**
Date and time up to which tenders will be received	:	**26.06.2026 up to 5.00 pm**
Date and time for opening of Tender	:	**30.06.2026 at 11.00 am**
Period for completion	:	As mentioned in the above schedule.

Further details can be had from the office of the Divisional Forest Officer, Vazhachal Division, Chalakudy Phone: (0480-2701713) during office hours.

(Sd/-)
Divisional Forest Officer
Vazhachal Division
(For and on behalf of the Governor of Kerala)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള വനംവകുപ്പ്

നെന്മാറ ഫോറസ്റ്റ് ഡിവിഷൻ, നെന്മാറ

ഇ-ലേല പരസ്യം

KFDDO-38750/2026-DFONMR/A1 **തീയതി : 11.06.2026**

നെന്മാറ ഡിവിഷന്റെ പരിധിയിലുള്ള ആലത്തൂർ റെയിഞ്ചിലെ മംഗലംഡാം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന 1962-65 യു.ടി.ടി. തേക്ക് തോട്ടത്തിൽ നിന്നും അടക്കിമുറി വഴി ശേഖരിച്ചതും നന്നങ്ങാടി ഡംമ്പിംഗ് ഡിപ്പോയിൽ സൂക്ഷിക്കുന്നതുമായ തേക്ക് കഴകൾ, ബില്ലറ്റ്സ്, വിറക്, പലജാതി ഉൽപന്നങ്ങൾ ആലത്തൂർ റെയിഞ്ചിലെ നെല്ലിയാമ്പതി ഫോറസ്റ്റ് റെയ്ഞ്ചിലെ 1963 മയിലാടുംപരുത തോട്ടത്തിലെ മാർക്ക് ചെയ്ത 118 ഇലവ് മരങ്ങൾ (തൊലിയുൾപ്പെടെ) താഴെ കൊടുത്തിരിക്കുന്ന പട്ടിക (2) ൽ പറയുന്ന പ്രകാരം വെട്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം താഴെ പറയുന്ന തീയതികളിൽ 16.09.2014-ലെ വോള്യം III പാർട്ട് III 36-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 21.08.2014-ലെ പ്രൊ.(4)-29243/2013 നമ്പർ നിബന്ധനകളും, 4.11.2014-ലെ വോള്യം III പാർട്ട് III 43-ാം നമ്പർ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 17.10.2014-ലെ പ്രൊ.(4)-29243/2013 നമ്പർ നിബന്ധനകളും, 24.02.2015-ലെ കേരള സർക്കാർ ഗസറ്റ് വോള്യം IV പാർട്ട് III 8-ാം നമ്പർ പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരത്തിന്റെ 03.02.2015-ലെ പ്രൊ.(4)-29243/2013 നമ്പർ വിജ്ഞാപനങ്ങൾക്ക് വിധേയമായി ഇ-ലേലം ചെയ്ത് വിൽക്കുന്നതാണ്. MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ **04923-243179** എന്ന നമ്പറിൽ ബന്ധപ്പെടുക.

പട്ടിക I

റെയ്ഞ്ച്	ഡമ്പിംഗ് ഡിപ്പോയുടെ പേര്	ഇനം	അളവ്	ഇ-ലേല തിയ്യതി
ആലത്തൂർ	നന്നങ്ങാടി	തേക്ക് കഴകൾ IIC	161 Nos	**19.06.2026**
		തേക്ക് കഴകൾ III	153 Nos	**29.06.2026**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

		തേക്ക് കഴകൾ IV	15 Nos	**08.07.2026**
		തേക്ക് ബില്ലറ്റ്സ് CIII	22.3 MT	**(11.30 pm-1.30 pm)**
		തേക്ക് ബില്ലറ്റ്സ് CIV	20.8 MT	
		തേക്ക് ബില്ലറ്റ്സ് BS	201 MT	
		തേക്ക് വിറക്	80.1 MT	
		പലജാതി വിറക്	142.3 MT	

പട്ടിക II

ക്രമ നം	തോട്ടത്തിന്റെ പേര്	തരംതിരിച്ച അളവും നിരക്കും	റിമാർക്സ്
1	1963 Myladumparutha	മരങ്ങളുടെ എണ്ണം - 118 തടിയുടെ അളവ് - 199.628M^3 വിറകിന്റെ അളവ് - 37.797M^3 തടിക്ക് കണക്കാക്കുന്ന വില - 19,56,354/- രൂപ വിറകിന് കണക്കാക്കുന്ന വില - 90,543/- രൂപ ആകെ തുക - 20,46,897/- രൂപ	മൊത്തം തുകയാണ് രേഖപ്പെടുത്തേണ്ടത് (തടികൾക്ക് 1M^3ഉം വിറകിന് 1MT യും തൊലിയുൾപ്പെടെ)

പട്ടിക I ലെ വഹകൾക്ക് 20,000/- രൂപയും, പട്ടിക II ലെ വഹകൾക്ക് 25000/- രൂപയും നിരതദ്രവ്യം ഇ-ട്രഷറി മുഖേനയോ, നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിങ് വഴിയോ മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി ഇ-ലേലത്തിനൊപ്പം സമർപ്പിക്കേണ്ടതാണ്. ചലാൻ/ ഡിമാന്റ് ഡ്രാഫ്റ്റ് ലേലത്തിന്റെ തലേദിവസം ഉച്ചയ്ക്ക് 2.00 മണിക്ക് മുമ്പായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. ലേലത്തിൽ പങ്ക് കൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക (I) മായി ബന്ധപ്പെട്ട നിബന്ധനകൾ

വിജയിയായ ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് എഴ് പ്രവൃത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെ അടയ്ക്കേണ്ടതാണ്. ലേല നിബന്ധനക ളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരു വനന്തപുരം ഏതെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്. പട്ടികയിൽ പറഞ്ഞിട്ടുള്ള തേക്ക് വിറകിന്റെ അളവിൽ മാറ്റം വരുത്തുന്നതിനോ, മറ്റൊരറിയിപ്പു കൂടാതെ ലേലം റദ്ദു ചെയ്യുന്നതിനുമുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറയിൽ നിക്ഷിപ്തമായിരിക്കും. നിശ്ചിത സമയപരിധിക്കകം ലേലം കൊണ്ട വസ്തുവിന്റെ ബാക്കി തുക, മറ്റ് നികുതികൾ മുതലായവ അടയ്ക്കാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ആയത് ഒരു കാരണവശാലും തിരിച്ചുനൽകാത്തതുമാണ്. ബാങ്കുകൾ ഡിമാന്റ് ഡ്രാഫ്റ്റ് മാറ്റുന്നതിന് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ അത് ലേലക്കാരൻ നൽകേണ്ടതാണ്.

ഇ-ലേല വിൽപ്പനയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും അളവുകളും മറ്റു വിശദവിവരങ്ങളും കണ്ട് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതും ഇ-ലേലത്തിനു ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ M.S.T.C ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ M.S.T.C ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ (ഫോൺ നമ്പർ: 04923-243179) ഇ-മെയിൽ : dfo-nenmara.for@kerala.gov.in, ആലത്തൂർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നോ (ഫോൺ - 8547602133) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്ന താണ്.

പട്ടിക (II) മായി ബന്ധപ്പെട്ട നിബന്ധനകൾ

ഇ-ലേല നിബന്ധനകൾ

1. പൊതു നിബന്ധനകൾ

(എ). മാർക്ക് ചെയ്ത മരങ്ങളുടെ വ്യാപ്തത്തിന്റെ നിരക്കനുസരിച്ചായിരിക്കും ഇ-ലേലം നടത്തുന്നത്. മരങ്ങൾ മുറിച്ച് വീഴ്ത്തി കഷണങ്ങളാക്കി അട്ടിവെയ്ക്കുന്നതിന്റെ ചെലവ് ലേലക്കാരൻ വഹിക്കേണ്ടതാണ്.

(ബി). വിജയിയാകുന്ന ലേലക്കാരൻ എഗ്രിമെന്റ് ഷെഡ്യൂളിൽ പറയുന്ന ലേലം കൊണ്ടിട്ടുള്ള തോട്ടങ്ങളിൽ നിൽക്കുന്ന മാർക്ക് ചെയ്ത മരങ്ങൾ എല്ലാംതന്നെ മുറിച്ച് നീക്കം ചെയ്യേണ്ടതാണ്. മറ്റ് ഇനങ്ങളിലുള്ള മരങ്ങൾ നിലനിർത്തേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി). ഇ-ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള ലേലക്കാരൻ തോട്ടം പരിശോധിച്ച് ഉൽപ്പന്നത്തിന്റെ അളവും ഗുണനിലവാരവും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ഇ-ലേലം കഴിഞ്ഞ് അളവും ഗുണനിലവാരവും സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതല്ല.

(ഡി). ലേലക്കാരൻ ലേലംകൊണ്ടിട്ടുള്ള തോട്ടങ്ങളിൽ നിൽക്കുന്ന മാർക്ക് ചെയ്ത മരങ്ങൾ ഭാഗീകമായോ പൂർണ്ണമായോ വെട്ടിശേഖരിച്ച് നീക്കം ചെയ്യുന്നതിൽ നിന്നും വിലക്കുന്നതിന് ദരണപരമായ കാരണങ്ങളാലോ മറ്റ് കാരണങ്ങളാലോ കേരള വനം വകുപ്പിന് (നെന്മാറ വനം ഡിവിഷന്) അധികാരമുണ്ടായിരിക്കും.

(ഇ). ഇ-ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള വ്യക്തികൾ ആധാറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷിപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റും സ്ഥാപനങ്ങളാണെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റേയോ ലൈസൻസിന്റേയോ പകർപ്പും നിരതദ്രവ്യത്തോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

(എഫ്). ഇ-ലേലത്തിൽ പങ്കെടുക്കുന്ന ലേലക്കാർ വനം വകുപ്പ് ഉദ്യോഗസ്ഥർ കൈമാറുന്ന നിശ്ചിത വിസ്തൃതിയിലുള്ള തോട്ടത്തിൽ നിൽക്കുന്ന മാർക്ക് ചെയ്തമരങ്ങൽ മാത്രം വെട്ടിശേഖരിച്ച് നീക്കം ചെയ്യേണ്ടതാണ്. ലേലംകൊള്ളുന്ന തോട്ടത്തിലെമറ്റ് ഇനത്തിലുള്ള മരങ്ങൾ ഒന്നുംതന്നെ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(ജി). വിജയിക്കുന്ന ലേലക്കാരൻ പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട ആഫീസർമാരുമായോ, ആഫീസുമായോ ഏതെങ്കിലും തരത്തിലുള്ള ബന്ധം ഇല്ലെന്ന് തെളിയിക്കുന്ന ഒരു സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്.

ഇത്തരത്തിൽ ദർഘാസുകാരൻ / ലേലക്കാരൻ ബന്ധപ്പെട്ട ആഫീസർമാരുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടെന്ന് പിന്നീട് തെളിയിക്കപ്പെട്ടാൽ ടിയാന്റെ പേരിലുള്ള ദർഘാസ്/ലേലം റദ്ദു ചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി കൂപ്പ് പുനർലേലം ചെയ്യുന്നതായിരിക്കും.

(എച്ച്). ഇ ലേലത്തിന് പോസ്റ്റ് ഓഫറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

2. നിരതദ്രവ്യം

ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള ലേലക്കാർ **25,000/-രൂപ** നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുമ്പ് നിയമ പ്രകാരമുള്ള നിരതദ്രവ്യം ഇ-പെയ്മെന്റ്/ ഇ-ട്രഷറി വഴി കെട്ടിവയ്ക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം.

3. ജി.എസ്സ്.ടി, വരുമാന നികുതി തുടങ്ങിയവ

(എ). ലേലത്തിൽ വിജയിയാകുന്ന ലേലക്കാരൻ അതാത് സമയങ്ങളിൽ നിലവിലുള്ള നിരക്കുകളിൽ ജി.എസ്സ്.ടി, വരുമാന നികുതി, വന വികസന നികുതി കൂടാതെ പ്രാബല്യത്തിലുള്ള മറ്റെല്ലാ നികുതികളും ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

(ബി). വിജയിയാകുന്ന ലേലക്കാരൻ ലേലവുമായി ബന്ധപ്പെട്ട മുഴുവൻ ജി.എസ്സ്.ടി തുകയും, ജി.എസ്സ്.ടി നിരക്കുകളിൽ മാറ്റം വരുന്ന പക്ഷം പുതുക്കിയ നിരക്കിലുമുള്ള ജി.എസ്സ്.ടി തുകയും ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

(സി). വിജയിയാകുന്ന ലേലക്കാരൻ ഇൻഡ്യൻ സ്റ്റാമ്പ് ആക്ട് പ്രകാരമുള്ള സ്റ്റാംമ്പ് ഡ്യൂട്ടി ഒടുക്കേണ്ടതാണ്. സ്റ്റാംമ്പ് ഡ്യൂട്ടിയിൽ എന്തെങ്കിലും കുറവുള്ളതായി പിന്നീട് കണ്ടെത്തിയാൽ ആ തുക ലേലക്കാരനിൽ നിന്നും ഈടാക്കുന്നതിന് വനം വകുപ്പിന് അധികാരം ഉണ്ടായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. ഉടമ്പടി

വിജയിയാകുന്ന ലേലക്കാരൻ **5%** സെക്യൂരിറ്റിതുക ലേല സ്ഥിരീകരണം അറിയിക്കുന്ന തീയതി മുതൽ 14 ദിവസത്തിനകം ഒടുക്കി ലേലത്തുകയുടെ 0.1 ശതമാനം വിലയുള്ള മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പ്വയ്ക്കേണ്ടതാണ്. സെക്യൂരിറ്റി തുക (നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ പേർക്ക് Pledge ചെയ്തത്) കേരള സർക്കാരിന്റെ ട്രഷറി / ബാങ്ക് മുഖേനയുള്ള സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ള രസീത് ആയിരിക്കണം. **35%** ലേലത്തുകയും **5%** സെക്യൂരിറ്റി തുകയും ഒടുക്കി ഉടമ്പടി ഒപ്പ് വച്ചതിനുശേഷം മാത്രമെ ജോലി തുടങ്ങുന്നതിനും **100%** ലേലത്തുകയും നികുതികളും അടവാക്കിയതിനു ശേഷം മാത്രമെ ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നതിനും അനുവദിക്കുകയുള്ളു. ലേല തുക കണക്കാക്കുന്നത് തോട്ടത്തിൽ നിന്നും പ്രതീക്ഷിക്കുന്ന ഉൽപ്പന്നങ്ങളുടെ തിട്ടപ്പെടുത്തിയ വ്യാപ്തത്തിന് അനുസരിച്ചായിരിക്കും.

5. തുകയും നികുതികളുംഒടുക്കുന്നത്

വിജയിയായ ലേലക്കാരൻ ലേല തുകയുടെ (തിട്ടപ്പെടുത്തിയിട്ടുള്ളതും പ്രതീക്ഷിക്കുന്നതുമായ തടിയുടെ അളവിന്റേയും രേഖപ്പെടുത്തിയ നിരക്കിന്റേയും അടിസ്ഥാനത്തിൽ കണക്കാക്കിയത്) **35%** ലേലത്തുകയും വനവികസന നികുതിയും ചരക്ക് സേവന നികുതിയും ലേലം സ്ഥിരീകരിക്കുന്ന അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ 7 ദിവസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. **65%** ലേലത്തുക 40 ദിവസത്തിനുള്ളിൽ ഒടുക്കാതെ വന്നാൽ 12 ശതമാനം പിഴ പലിശയോടെ 30 ദിവസത്തെ കാലാവധി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ദീർഘിപ്പിച്ചു നൽകുന്നതാണ്. 18 ശതമാനം പിഴ പലിശ ഒടുക്കുന്നതിന് വിധേയമായി വീണ്ടും 30 ദിവസത്തെ കാലാവധി കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ഒലവക്കോട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അധികാരമുണ്ടായിരിക്കും. ദീർഘിപ്പിച്ചു നൽകുന്ന രണ്ട് കാലാവധികൾക്കുള്ളിലും മേൽപറഞ്ഞ തുകകൾ ഒടുക്കുന്നതിൽ ലേലക്കാരൻ വീഴ്ചവരുത്തുന്ന പക്ഷം ലേലക്കാരൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യവും മറ്റെല്ലാ തുകകളും സർക്കാരിലേക്ക് കണ്ട് കെട്ടുന്നതും ഉടമ്പടി റദ്ദാക്കുന്നതുമായിരിക്കും.

6. കരാർകാലാവധി

(എ) കരാർ കാലാവധി ലേലസ്ഥിരീകരണ അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ **30** ദിവസമോ **30.07.2026** തീയതിയോ ഇതിൽ ഏതാണോ ആദ്യം വരുന്നത്, ആ തീയതിവരെയായിരിക്കും. സാധാരണ ഗതിയിൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല. പ്രത്യേക സാഹചര്യങ്ങളിൽ ന്യായമായ കാരണങ്ങളാൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ഒരു ഹെക്ടറിന് 2500/- രൂപ നിരക്കിൽ തുക ഈടാക്കുന്നതിന് വിധേയമായി 30 ദിവസത്തേക്ക് കരാർകാലാവധി ദീർഘിപ്പിച്ച് നൽകുന്നതായിരിക്കും. തുടർന്ന് പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഒരു ഹെക്ടറിന് 5000/- രൂപ നിരക്കിൽ തുക ഈടാക്കുന്നതിന് വിധേയമായി 30 ദിവസത്തേക്ക് കൂടി ഇപ്രകാരം ദീർഘിപ്പിച്ച് നൽകുന്ന 60 ദിവസത്തിനുശേഷം യാതൊരു കാരണവശാലും കരാർകാലാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

(i) ദീർഘിപ്പിച്ചു നൽകിയ സമയത്തിനുള്ളിലും ഉടമ്പടി പ്രകാരം ശേഖരിച്ച ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നില്ലായെങ്കിൽ ആയത് സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും അതിൽ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

(ii) മേൽ പ്രകാരമുള്ള സാഹചര്യത്തിൽ ലേലക്കാരൻ പൂർത്തിയാക്കാതെ പോയ ജോലികൾ മറ്റ് ഏതെങ്കിലും തരത്തിൽ പൂർത്തിയാക്കുന്നതും, അപക്രാരം സർക്കാരിനുണ്ടാകുവാൻ സാധ്യതയുള്ള എല്ലാ കഷ്ടനഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും അപ്രകാരമുണ്ടാകുന്ന എല്ലാവിധ നഷ്ടങ്ങളും റവന്യു റിക്കവറി ഉൾപ്പെടെ നിലവിലുള്ള നിയമപരമായ മാർഗ്ഗങ്ങളിലൂടെ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) ഉടമ്പടി പ്രകാരം മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുന്ന ഉൽപന്നങ്ങൾ എത്തിച്ച് ശേഖരിക്കുന്ന സ്ഥലം മുൻകൂറായി ലേലക്കാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അറിയിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ മുൻകൂറായി അറിയിച്ചിരുന്ന സ്ഥലത്തുനിന്നും ഉൽപന്നങ്ങൾ മറ്റ് ഏതെങ്കിലും സ്ഥലത്ത് സൂക്ഷിക്കുവാൻ ഇടയാകുന്നപക്ഷം ആ വിവരവും നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ മുൻകൂറായി അറിയിക്കേണ്ടതാണ്.

7. സെക്യൂരിറ്റിഡിപ്പോസിറ്റ്

(എ) ലേല സ്ഥിരീകരണ ഉത്തരവ് ലഭിച്ച് 14 ദിവസത്തിനുള്ളിൽ ലേലക്കാരൻ മുഴുവൻ 35% ലേലത്തുകയും വനവികസന നികുതിയും ചരക്ക്സേവന നികുതിയും ആദായ നികുതിയും 5% സെക്യൂരിറ്റി ഡെപ്പോസിറ്റായും ഒടുക്കേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഉടമ്പടി വ്യവസ്ഥകൾ പ്രകാരം ജോലികൾ വിജയകരമായി നിർവ്വഹിച്ചശേഷം ജി.എസ്.റ്റി. ക്ലിയറൻസ് സർട്ടിഫിക്കറ്റ്, വരുമാന നികുതി സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹാജരാക്കുന്ന മുറയ്ക്ക് മാത്രം വിട്ടു നൽകുന്നതാണ്. ജോലികൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് കരാറുകാരന്റെ പേരിൽ ഏതെങ്കിലും തരത്തിലുള്ള ബാദ്ധ്യതകൾ ഉണ്ടാകുന്നപക്ഷം ആയത് സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും.

(ബി) സെയിൽ കൂപ്പുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിക്കും.

8. മരങ്ങളുടെ വെട്ടിശേഖരണം സംബന്ധിച്ച പൊതുവ്യവസ്ഥകൾ

താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഉൽപന്നങ്ങളുടെ വെട്ടിശേഖരണം നടത്തേണ്ടതാണ്.

(എ) ലേലത്തിലെടുത്തിട്ടുള്ള തോട്ടങ്ങൾ ലേലക്കാരൻ യാതൊരു കാരണവശാലും മറ്റൊരു വ്യക്തിക്കോ, സ്ഥാപനത്തിനോ കൈമാറുവാൻ പാടുള്ളതല്ല.

(ബി) നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നോ ആലത്തൂർ / നെല്ലിയാമ്പതി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നോ രേഖാമൂലമുള്ള അനുവാദം വാങ്ങാതെ ലേലക്കാരനോ, ലേലക്കാരന്റെ ഏജന്റോ മറ്റ് ജോലിക്കാരോ കൂപ്പിനുള്ളിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല.

(സി)കരാർ കാലാവധി കഴിയുന്നതുവരെ ലേലക്കാരൻ തോട്ടങ്ങളുടെ അതിരുകൾ രണ്ട് മീറ്റർവീതിയിൽ

അതിരുകൾ വ്യക്തമാകത്തക്കവിധം അടിക്കാട് തെളിച്ച് സൂക്ഷിക്കേണ്ടതാണ്. ലേലക്കാരൻ ഇപ്രകാരം ചെയ്യാത്തപക്ഷം ആയത് ഡിപ്പാർട്ടുമെന്റലായി നിർവ്വഹിക്കുന്നതും ആയത് മൂലമുണ്ടാകുന്ന ചെലവുകൾക്കും മറ്റ് നഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും ആയത് ലേലക്കാരനിൽ നിന്നും നോട്ടീസ് നൽകി ഈടാക്കുന്നതുമായിരിക്കും.

(ഡി) കരാർ ഏറ്റെടുത്തിട്ടുള്ള പ്രദേശത്ത് ലേലക്കാരൻ സാക്ഷ്യപ്പെടുത്തിയ ഏജന്റിന്റെ സേവനം എല്ലായ്പോഴും ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരൻ സാക്ഷ്യപ്പെടുത്തി ഏർപ്പെടുത്തുന്ന ഏജന്റ്/ ഏജന്റുമാരുടെ പേര്, അഡ്രസ്സ്, സാക്ഷ്യപ്പെടുത്തിയ കയ്യൊപ്പ് എന്നിവ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുൻപാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ലേലക്കാരൻ ഏർപ്പെടുത്തുന്ന ഏജന്റിനെ നിരസിക്കു വാനുള്ള അധികാരം നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. കേരള വനം വകുപ്പോ, കേരളാസർക്കാരോ കരിമ്പട്ടികയിൽപെടുത്തിയിട്ടുള്ള വ്യക്തികളെ ഏജന്റായോ, ജോലിക്കാരായോ ലേലക്കാരൻ ഉൾപ്പെടുത്തുവാൻ പാടില്ല.

(ഇ) കരാറുകാരൻ ഏർപ്പെടുത്തുന്ന ഏജന്റുമാർക്കും, ജോലിക്കാർക്കും അവരുടെ പേര്, വയസ്സ്, നിലവിലെ മേൽവിലാസം, കാലാവധി എന്നിവ രേഖപ്പെടുത്തിയ രേഖാമൂലമുള്ള തിരിച്ചറിയൽരേഖ നൽകേണ്ടതാണ്. വനം വകുപ്പ് ഉദ്യോഗസ്ഥരോ, പോലീസോ ആവശ്യപ്പെടുന്നപക്ഷം ഏത് സമയത്തും ടി തിരിച്ചറിയൽരേഖ പരിശോധനയ്ക്കായി നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എഫ്) ലേലക്കാരനും ഏജന്റും ജോലിക്കാരും കേരളാ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ തടികൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

(ജി) ലേലക്കാരും, ഏജന്റും ജോലിക്കാരും കരാർ പ്രകാരമുള്ള ജോലികൾ നടന്നുകൊണ്ടിരിക്കുന്ന പ്രദേശത്ത് നിന്നും യാതൊരു കാരണവശാലും മറ്റ് വനപ്രദേശങ്ങളിലേയ്ക്ക് തീ പടരുവാനുള്ള സാധ്യതകൾ സൃഷ്ടിക്കരുത്.

(എച്ച്) ഏതെങ്കിലും കാരണവശാൽ കരാർ ജോലികൾ നടന്നുകൊണ്ടിരിക്കുന്ന വനപ്രദേശത്തോട് ചേർന്ന് തീ പിടുത്തമുണ്ടാകുന്ന പക്ഷം തീ അണയ്ക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും തീ ഉണ്ടായിട്ടുള്ള വിവരം ബന്ധപ്പെട്ട വനം വകുപ്പ്, പോലീസ്, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഐ) കരാർ വ്യവസ്ഥ പ്രകാരം വെട്ടിശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് തീ മൂലമോ മോഷണം മൂലമോ മറ്റേതെങ്കിലും കാരണങ്ങളാലോ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. വെട്ടിശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് നാശനഷ്ടം സംഭവിക്കുവാൻ ഇടയുള്ള സാഹചര്യത്തിൽ ആയവ ലേലക്കാരൻ ഇൻഷ്വർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

(ജെ) ലേലക്കാരനും ലേലക്കാരന്റെ ഏജന്റും മറ്റ് ജോലിക്കാരും കേരളാ ഫോറസ്റ്റ് ആക്ട്, വന്യജീവി സംരക്ഷണ നിയമംതുടങ്ങിയ എല്ലാ വനനിയമങ്ങളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ക്രിമിനൽ കുറ്റങ്ങളിൽ പ്രതി ചേർക്കപ്പെട്ടിട്ടുള്ളവർ യാതൊരു കാരണവശാലും ജോലി സ്ഥലത്ത് അനുവദനീയരല്ല.

(കെ) കരാർ എടുത്തിട്ടുള്ള തോട്ടത്തിലേയോ സമീപ റിസർവ്വുകളിലേയോ മരങ്ങൾക്ക് ഉണ്ടാകാവുന്ന എല്ലാവിധ നാശങ്ങൾക്കും നഷ്ടങ്ങൾക്കും കരാറുകരാൻ ഉത്തരവാദിയായിരിക്കുന്നതാണ്. ആയതുമായി ബന്ധപ്പെട്ട് നിയമപരമായി സ്വീകരിക്കുന്ന നടപടികളിൽ കരാറുകാരൻ ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

(എൽ) ലേലക്കാരൻ ആവശ്യപ്പെടുന്നപക്ഷം ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ കൂപ്പിന് പുറത്ത് ബില്ലറ്റുകൾ സൂക്ഷിക്കുവാൻ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവാദം നൽകുന്നതാണ്.

(എം) കരാറെടുത്തിട്ടുള്ള കൂപ്പിന്റെ 100 മീറ്റർ പരിധിയിൽ സംഭവിക്കുന്ന എല്ലാവിധ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും കരാറെടുത്തിട്ടുള്ള ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങൾ കൂപ്പിന്റെ 100 മീറ്റർ പരിധിയിൽ സംഭവിക്കുന്ന പക്ഷം ആയത് വനം വകുപ്പ് ഉദ്യോഗസ്ഥരോട് റിപ്പോർട്ട് ചെയ്യാത്തപക്ഷം കരാർ റദ്ദാവുന്നതാണ്.

9. മരങ്ങൾ മുറിക്കുന്നതുള്ള വ്യവസ്ഥകൾ

(എ) താഴെപ്പറയുന്ന വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ മരങ്ങൾ മുറിക്കുവാൻ പാടുള്ളൂ.

(i) കരാർ എടുത്തിരിക്കുന്ന തോട്ടം 10 ഹെക്ടർ വീതമുള്ള ബ്ലോക്കുകളായി തിരിച്ച് മാത്രമേ മരങ്ങൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുവാൻ പാടുള്ളൂ.

(ii) കരാർ എടുത്തിട്ടുള്ള തോട്ടത്തിൽ നിൽക്കുന്ന മറ്റ് മരങ്ങൾക്കും സസ്യജാലങ്ങൾക്കും കേടുപാടുണ്ടാകാതെ വേണം വെട്ടിശേഖരണം നടത്തേണ്ടത്.

(iii) മരങ്ങൾ മുറിച്ച് നീക്കം ചെയ്യുമ്പോൾ താഴെപ്പറയുന്ന മുൻകരുതലുകൾ കൂടി സ്വീകരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) മരങ്ങൾ തോട്ടത്തിന്റെ ഉയർന്ന ഭാഗത്തു നിന്നും താഴേക്കു മാത്രമേ മുറിക്കാവൂ. തോട്ടത്തിൽ നിന്നും മരങ്ങൾ മുറിച്ച് നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വഴിയുടെ ഏറ്റവും അവസാന ഭാഗത്തു നിന്നും മാത്രമേ മരങ്ങൾ മുറിച്ച് തുടങ്ങാവൂ.

(ബി) മരങ്ങൾ പരമാവധി മൂർച്ചയുള്ള ഉപകരണം കൊണ്ട് മുറിക്കേണ്ടതും, മരക്കുറ്റികൾ മൺ നിരപ്പിൽ നിന്നും പരമാവധി 15 സെന്റീമീറ്റർ മുകളിലേയ്ക്ക് മാത്രം നിൽക്കുന്ന തരത്തിലും മുറിക്കേണ്ടതാണ്.

(സി) ബില്ലറ്റുകൾ വാൾ ഉപയോഗിച്ച് മാത്രമേ മുറിക്കാവൂ.

(ഡി) കരാറുകാരനിൽ നിന്നേ ഏജന്റിൽ നിന്നോ മറ്റ് ജോലിക്കാരിൽ നിന്നോ ഉണ്ടാകുന്ന നോട്ടക്കുറവ് മൂലം ഉണ്ടാകുന്ന എല്ലാ നാശനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.

10. ഉത്പന്നങ്ങൾ നീക്കം ചെയ്യുന്നത്.

ലേലക്കാരൻ വെട്ടിശേഖരിക്കുന്ന ഉത്പന്നങ്ങൾ സ്വന്തംചെലവിലും ക്രമീകരണത്തിലും നിർദ്ദിഷ്ട സ്ഥലത്തേക്ക് കടത്തിക്കൊണ്ട് പോകേണ്ടതാണ്. ഉത്പന്നങ്ങൾ ലേലക്കാരനോ അദ്ദേഹത്തിന്റെ ഏജന്റോ കടത്തിക്കൊണ്ട് പോകേണ്ടത് കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിസ്റ്റ് റൂളുകളിൽ പറയും പ്രകാരം നിർദ്ദിഷ്ട പാസ്സോടുകൂടി ആയിരിക്കണം. പാസ്സുകൾ വനം വകുപ്പ് നൽകുന്നതായിരിക്കും. ലേലക്കാരൻ ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ട് പോകേണ്ടത് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിച്ച വഴികളിലൂടെയും കെ.എഫ്.പിറ്റി റൂൾസ് മോട്ടോർ വെഹിക്കിൾസ് ആക്ട് എന്നിവയുടെ വ്യവസ്ഥകൾ പാലിച്ചുമായിരിക്കണം.

11. കടത്ത് പാസ്സ് നൽകുന്നത്.

ലേലക്കാരൻ അല്ലെങ്കിൽ ഏജന്റിന് ഇൻവോയിസ് നൽകിയശേഷം ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ട് പോകുന്നതിന് പാസ്സ് നൽകുന്നതാണ്. എന്നാൽ കടത്തിക്കൊണ്ട് പോകാൻ അനുവദിച്ചിട്ടുള്ള ഉൽപന്നങ്ങളുടെ വില അഡ്വാൻസ് തുകയിൽ അധികരിക്കുവാൻ പാടില്ല.

(എ). ഇൻവോയിസ് തയ്യാറാക്കിയശേഷം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ നിർദ്ദിഷ്ട സ്ഥലത്തേക്ക് ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ട് പോകുന്നതിന് നിയമപ്രകാരം പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് ഫോം III വെള്ള / ഫോം III ചുവപ്പ് പാസ്സ് നൽകുന്നതായിരിക്കും

(ബി) ശേഖരിച്ച ഉൽപന്നങ്ങൾ തോട്ടത്തിൽ തന്നെയുള്ള ഡംബിഗ് സൈറ്റിലേക്ക് കടത്തിക്കൊണ്ട് പോകുന്നതിന് ബന്ധപ്പെട്ട റെയിഞ്ചാഫീസർ / ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് ഫോം V പെർമിറ്റുകൾ നൽകുന്നതാണ്.

(സി) വെട്ടിശേഖരിച്ച ഉത്പന്നങ്ങൾ ചെക്ക് മെഷർമെന്റിന് ശേഷം സംസ്ഥാനത്തിന് അകത്തുള്ള നിർദ്ദിഷ്ട സ്ഥലത്തേക്ക് ഒറ്റ തവണയായി കൊണ്ടുപോകുവാൻ കഴിയുന്നില്ലായെങ്കിൽ ആവശ്യമായ ഫോം VI മഞ്ഞ സബ്സിഡറി പാസ്സുകൾ, പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് നൽകുന്നതാണ്.

(ഡി) പാസ്സുകളുടെ കണക്കുകൾ ലേലക്കാരൻ സൂക്ഷിക്കേണ്ടതും രണ്ട് ആഴ്ചകൂടുമ്പോൾ ഡി.എഫ്.ഒ.യ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(ഇ) ലേലക്കാരൻ ശേഖരിച്ച് അട്ടിവെച്ചിട്ടുള്ള ഉത്പന്നങ്ങൾ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ പരിശോധനയ്ക്ക് വിധേയമായിരിക്കും.

(എഫ്) ഉത്പന്നങ്ങളുടെ നിർദ്ദിഷ്ട സ്ഥലത്തേക്കോ ഇടക്കാല സ്ഥലത്തേക്കോ ഉള്ള കടത്ത് റെയിഞ്ചാഫീസർ നിർദ്ദേശിക്കുന്ന വഴികളിലൂടെ ആയിരിക്കണം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

12. ഉൽപന്നങ്ങൾ കടത്തിക്കൊണ്ടു പോകുന്നതിനുള്ള കാലതാമസം – പാസ്സുകളുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്

ലേലക്കാരൻ പാസ്സ് നൽകി 30 ദിവസത്തിനകമോ കരാർ കാലാവധിക്കുള്ളിലോ ഏതാണോ ആദ്യംവരിക ആ തീയതിയ്ക്കകം ഉൽപന്നങ്ങൾ കടത്തിക്കൊണ്ട് പോകേണ്ടതാണ്. പാസ്സിന്റെ കാലാവധി ഒരു മാസമോ അതിൽ കുറവുള്ള കാലയളവിലേക്കോ M^3 or MTന് 100 രൂപ നിരക്കിൽ പിഴഷലിശ ഈടാക്കിക്കൊണ്ട് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതാണ്. 30 ദിവസത്തിൽ കൂടുതൽ കാലയളവിലേക്കുള്ള കാലാവധി M^3 or MTന് പ്രതിമാസം 200 രൂപ ഈടാക്കിക്കൊണ്ട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിൾ ദീർഘിപ്പിച്ച് നൽകുന്നതാണ്.

13. ഉപയോഗിച്ചതും ഉപയോഗിക്കാത്തതുമായ പാസ്സുകളുടെ കൗണ്ടർ ഫോയിലുകൾ

കരാർ കാലാവധിയോ ദീർഘിപ്പിച്ച കാലാവധിയോ കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ ഉപയോഗിച്ച പാസ്സുകളുടെ കൗണ്ടർ ഫോയിലുകളും ഉപയോഗിക്കാത്ത പാസ്സുകളും ലേലക്കാരൻ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് തിരികെ നൽകേണ്ടതാണ്. കരാർ റദ്ദാക്കുകയാണെങ്കിലും ഉപയോഗിച്ച പാസ്സുകളുടെ കൗണ്ടർഫോയിലുകളും ഉപയോഗിക്കാത്ത പാസ്സുകളും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് തിരികെ നൽകേണ്ടതാണ്.

14. രേഖകളുടെ സൂക്ഷിപ്പ്

ഉൽപ്പന്നളുടെ വെട്ടിശേഖരണവും കടത്തിക്കൊണ്ട് പോകലും സംബന്ധിച്ച കൃത്യവും വിശദവുമായ കണക്കുകൾ ലേലക്കാർ സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ടുകൾ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്കും റെയിഞ്ചാഫീസർക്കും നൽകേണ്ടതാണ്. ലേലക്കാരൻ സൂക്ഷിച്ചിട്ടുള്ള കണക്കുകൾ റെയിഞ്ച് ഫോറസ്റ്റ് ആഫീസറിൽ കുറയാത്ത റാങ്കുള്ള ഏതൊരു വനം വകുപ്പ് ഉദ്യോഗസ്ഥന്റേയും പരിശോധനയ്ക്ക് വിധേയമായിരിക്കും. പ്രോഗ്രസ് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടില്ലായെങ്കിൽ പ്രതിമാസം 500 രൂപ നിരക്കിൽ ലേലക്കാരനിൽ നിന്നും പിഴ ഈടാക്കുന്നതാണ്.

15. കരാർ തോട്ടങ്ങൾ തിരികെ നൽകുന്നത്

കരാർ കാലാവധി കഴിയുന്നതോ ജോലി പൂർത്തിയാക്കുന്നതോ ഏതോണോ ആദ്യം വരുക അത് കഴിഞ്ഞാൽ ഉടൻ തന്നെ റെയിഞ്ചാഫീസറും കരാർകാരന്റെ അംഗീകൃത ഏജന്റും ചേർന്ന് സംയുക്ത മഹസ്സർ തയ്യാറാക്കിയതിനുശേഷം ലേലക്കാരൻ തോട്ടം ഡിപ്പാർട്ട്മെന്റിന് കൈമാറേണ്ടതാണ്. കരാറുകാരനോ ഏജന്റോ ഹാജരായില്ലെങ്കിൽ റെയിഞ്ചാഫീസർ എക്സ്പാർട്ടിമഹസ്സർ തയ്യാറാക്കി തോട്ടം തിരികെ എടുക്കുന്നതാണ്. റെയിഞ്ചാഫീസർ തിട്ടപ്പെടുത്തുന്നതും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിക്കുന്നതുമായ നഷ്ടം എന്തെങ്കിലും ഉണ്ടെങ്കിൽ അത് ഒടുക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. കരാർകാലാവധി കഴിഞ്ഞാൽ ഉടൻ തന്നെ വെട്ടിശേഖരണം പൂർത്തിയാക്കി കരാർ എടുത്തിട്ടുള്ള ഏരിയ റീപ്ളാന്റിഗിനായി തിരികെ നൽകിയില്ലായെങ്കിൽ ഒര് തൈക്ക് 10 രൂപ നിരക്കിൽ ഹെക്ടറിന് 1600 എണ്ണം / ഹെ. ക്രമത്തിൽ തൈകളുടെ വില ഒടുക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

16. കോൺട്രാക്ട് വ്യവസ്ഥകളുടെ ലംഘനത്തിനുള്ള മറ്റ് പിഴകൾ

കരാർ വ്യവസ്ഥകൾ മൊത്തമായോ ഏതെങ്കിലും വ്യവസ്ഥകൾ മാത്രമായോ കരാറുകാരൻ ലംഘിക്കുകയാണെങ്കിൽ താഴെപ്പറയും പ്രകാരം പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറോ കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോ തിട്ടപ്പെടുത്തിയ പിഴ ഒടുക്കുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

എ	15 സെമി ചുറ്റുവണ്ണമുള്ള ഉത്പന്നങ്ങൾ ശേഖരിക്കാതെ ഉപേക്ഷിക്കുന്നതിന്	റെയിഞ്ചാഫീസർ തിട്ടപ്പെടുത്തി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിക്കുന്ന ഉത്പന്നങ്ങളുടെ വില

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബി	കരാർകാലാവധി കഴിഞ്ഞ് മരങ്ങൾ മുറിച്ച് നീക്കാതെ അവശേഷിക്കുന്ന ഏരിയ	ഹെക്ടറിന് 5000 രൂപ
സി	മരങ്ങളുടെ ഭാവിയിലേക്കുള്ള വളർച്ച തടസ്സപ്പെടുത്തുന്ന വിധത്തിൽ കേടുപാടുകൾ വരുത്തുന്നതിന്	ഒരു മരത്തിന് 500 രൂപ

17. ഇൻകംടാക്സ് പെയ്മെന്റ്

(എ) 1961 ലെ ഇൻകംടാക്സ് നിയമപ്രകാരമുള്ള ഇൻകംടാക്സ് നികുതി ഇളവിനായി കരാറുകാരൻ 27 സിഫോറത്തിലുള്ള ഡിക്ളറേഷൻ ഉത്പന്നങ്ങൾക്കുള്ള ഇൻവേയ്സ് നൽകുന്നതിന് മുമ്പായി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(ബി). കരാറുകാരൻ നിർദ്ദിഷ്ട ഡിക്ളറേഷൻ സർപ്പിക്കുന്നില്ലായെങ്കിൽ ലേല തുകയോടൊപ്പം സെക്ഷൻ 6 സി പ്രകാരമുള്ള ഇൻകംടാക്സ് ഒടുക്കേണ്ടതാണ്.

18. തുക ഒടുക്കുന്നതിനുള്ള നോട്ടീസ് കൈപ്പറ്റുന്നതിന് കരാറുകാരൻ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ

കരാറുകാരന്റെ പേരിലുള്ള നോട്ടീസുകൾ ഇൻവേയ്സുകൾ എന്നിവ കൈപ്പറ്റുന്നതിന് കരാറുകാരൻ നേരിട്ടോ ഏജന്റ് മുഖേനയോ ക്രമീകരണങ്ങൾ വരുത്തുകയോ ശരിയായ പോസ്റ്റൽ മേൽവിലാസം നൽകുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം അയയ്ക്കുന്ന നോട്ടീസുകൾ കൈപ്പറ്റാതെ തിരികെ വരുകയാണെങ്കിൽ ആയവ കേരാറുകാരൻ കൈപ്പറ്റിയതായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

19. കോൺട്രാക്റ്റ് ക്യാൻസൽ ചെയ്യുന്നതിലേയ്ക്ക് നയിക്കുന്ന സംഭവങ്ങൾ

(എ) കോൺട്രാക്ട് വ്യവസ്ഥകളിലെ ഒന്നോ അധിലധികമോ വ്യവസ്ഥകൾ കരാറുകാരൻ ലംഘിക്കുകയാണെങ്കിൽ കരാർ ക്യാൻസൽ ചെയ്യുന്നതിനും കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉൾപ്പെടെയുള്ള തുക കണ്ട് കെട്ടുന്നതിനും ടിയാൻ ശേഖരിച്ചിട്ടുള്ള ഉത്പന്നങ്ങൾ കണ്ട് കെട്ടുന്നതിനും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് അധികാരമുണ്ടായിരിക്കും. ഈ വിവരം കരാറുകാരനെ അക്ക്നോളഡ്ജ്മെന്റ് കാർഡോടു കൂടിയ രജിസ്ട്രേഡ് കത്ത്മുഖേന അറിയിക്കുന്നതാണ്.

(ബി) കരാർ എടുത്തിട്ടുള്ള ഏരിയായ്ക്ക് ചുറ്റും 100 മീറ്റർ ചുറ്റളവിൽ അനധികൃമായി തടി മുറിച്ച് നീക്കം ചെയ്യുകയോ മറ്റ് ഏതെങ്കിലും ഉൽപന്നങ്ങൾ നീക്കം ചെയ്യുകയോ ഏതെങ്കിലും വന്യമൃഗത്തെ വേട്ടയാടുകയോ ചെയ്താൽ ആയതിന് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. അനധികൃമായ മരംമുറിയോ വേട്ടയാടലോ കരാറുകാരന്റെ അറിവോടുകൂടിയല്ലായെന്ന് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് ബോധ്യമാകുന്ന വിധത്തിൽ തെളിയിച്ചില്ലായെങ്കിൽ കരാർ റദ്ദാക്കുന്നതും കരാർകാരൻ ഒടുക്കിയിട്ടുള്ള തുകയും കരാറുകാരൻ ശേഖരിച്ചിട്ടുള്ള ഉൽപന്നങ്ങളും കണ്ട് കെട്ടുന്നതുമായിരിക്കും.

(സി) കരാർ ക്യാൻസൽ ചെയ്യുകയാണെങ്കിൽ ആ തോട്ടം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലംചെയ്യുന്നതായിരിക്കും. പുനർ ലേലത്തിൽ ലഭിക്കുന്ന ഏറ്റവും മികച്ച തുകയ്ക്ക്, ആദ്യം ലേലത്തുക എത്രയെന്ന് പരിഗണിക്കാതെ ലേലം ഉറപ്പിക്കുന്നതായിരിക്കും. പുനർ ലേലത്തിൽ ആദ്യലേലത്തേക്കാൾ കുറഞ്ഞ തുകയാണ് ലഭിക്കുന്നതെങ്കിൽ വ്യത്യാസമുള്ള തുക കരാറുകാരനിൽനിന്നും ഈടാക്കുന്നതും അധികം തുകയാണ് ലഭിക്കുന്നതെങ്കിൽ ആയതിന് കരാറുകാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല. ഇങ്ങനെയുള്ള സന്ദർഭത്തിൽ വെട്ടിശേഖരിച്ച്വെച്ച ഉൽപന്നങ്ങളുടെ അളവിലോ തൂക്കത്തിലോ കുറവ് വന്നാൽ അത് സർക്കാർ നഷ്ടമായി കണക്കാക്കുന്നതും കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കുന്നതുമായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

20. നഷ്ടമോ കേടുപാടുകളോ ഉണ്ടാകുന്നതിൽ നിന്നുള്ള സംരക്ഷണം.

(എ)പ്രകൃതി ദുരന്തങ്ങളോ കാലാവസ്ഥാ വ്യതയാനമോ അസുഖമോ മറ്റേതെങ്കിലും കാരണവശാലോ ഡിഫാർട്ട്മെന്റിന് ഉൽപന്നങ്ങൾ നൽകാൻ സാധിക്കുന്നില്ലായെങ്കിൽ കരാറുകാരന് യാതൊരുവിധ നഷ്ടപരിഹാരത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.

(ബി) കരാറുകാരന് ലേലത്തിൽ വിറ്റിട്ടുള്ള ഉൽപന്നങ്ങൾ കാട്ടുതീ, വെള്ളപൊക്കം, മറ്റേതെങ്കിലും പ്രകൃതി ദുരന്തങ്ങൾ എന്നിവമൂലം ഉണ്ടാകുന്ന നഷ്ടത്തിനോ കേടുപാടുകൾക്കോ ഡിഫാർട്ട്മെന്റ് ഉത്തരവാദിയായിരിക്കുന്നതല്ല.

(സി) പ്ളാന്റേഷനിലോ താത്ക്കാലിക ഡംബിഗ്സൈറ്റിലോ സ്റ്റോക്ക് ചെയ്തിട്ടുള്ള ഉത്പന്നങ്ങൾ സംരക്ഷിക്കുന്നതിന് ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ കരാറുകാരൻ ചെയ്തിരിക്കേണ്ടതാണ്. അപ്രകാരമുണ്ടാകുന്ന നഷ്ടത്തിന് വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

21. നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത്

(എ) 1961 ലെ കേരള ഫോറസ്റ്റ് ആക്ടും കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത റൂളുകളും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

(ബി) ജി.എസ്സ്.റ്റി നിയമവും അതിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

(സി) ഇൻകം ടാക്സ് നിയമവും ലേലവുമായി ബന്ധപ്പെട്ട മറ്റ് കേന്ദ്ര സംസ്ഥാന നിയമങ്ങളും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

(ഡി) വർക്ക്മെൻ കോമ്പൻസേഷൻ ആക്ടും തൊഴിലാളികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങളും അനുസരിച്ചുള്ള എന്തെങ്കിലും ബാധ്യത ഉണ്ടാവുകയാണെങ്കിൽ അത് കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

(ഇ) കരാർ വ്യവസ്ഥകളോ കേരള വനം നിയമവും അതുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങളോ ലംഘിക്കുകയാണെങ്കിൽ ആയത് ലേലം ക്യാൻസൽ ചെയ്യുന്നതിനും കരാർ റദ്ദാക്കുന്നതിനും കാരണമാവുകയും കരാറുകാരൻ ഒടുക്കിയിട്ടുള്ള തുക കണ്ടുകെട്ടുന്നതിനും കാരണമായിതീരും.

22. കരാർ വ്യവസ്ഥകളുടെ ലംഘനം

(എ) കരാറുകാരൻ ഏതെങ്കിലും കരാർ വ്യവസ്ഥ ലംഘിക്കുകയും കേരള വനം വകുപ്പ് ആയത്മൂലം കരാർ റദ്ദാക്കാതിരിക്കുകയും ചെയ്താൽ ഓരോ വ്യവസ്ഥാലംഘനത്തിനും 1000 രൂപ വെച്ച് പിഴ ഈടാക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് അധികാരമുണ്ടായിരിക്കും. അപ്രകാരം കരാർ വ്യവസ്ഥകളുടെ ലംഘനം കണക്കാക്കുമ്പോൾ ലേലം ചെയ്ത യൂണിറ്റ് 1 യൂണിറ്റായി കണക്കാക്കുന്നതാണ്. ഇതിനെതിരെയുള്ള അപ്പീലുകൾ പരിഗണിക്കുന്നത് ഒലവക്കോട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിക്ഷിപ്തമായിരിക്കുകയും അദ്ദേഹത്തിന്റെ തീരുമാനം അന്തിമവും പാലിക്കുവാൻ ബാധ്യസ്ഥവുമായിരിക്കും. കരാർ ലംഘനം സംബന്ധിച്ച് പിഴ ഈടാക്കുന്നതിനുള്ള ഉത്തരവ് നേരിട്ടോ രജിസ്ട്രേഡ് കത്ത് മുഖേനയോ ഡെസ്പാച്ച് ചെയ്ത് 15 ദിവസത്തിനുള്ളിൽ അപ്പീൽ പരിഗണിക്കേണ്ടതാണ്. മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ കാലതാമസം മാപ്പാക്കുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) രജിസ്ട്രേഡ് കത്ത് മുഖേനയോ നേരിട്ടോ പിഴ ഒടുക്കുന്നതിനുള്ള നോട്ടീസ് കൈപ്പറ്റ് 15 ദിവസത്തിനുള്ളിൽ കരാറുകാരൻ പിഴ ഒടുക്കേണ്ടതാണ്.

23. മുൻകൂട്ടി കാണാനാകാത്ത സാഹചര്യങ്ങൾ

കേരള വനം വകുപ്പിന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ ലേലത്തിൽ നിന്നും പിൻമാറേണ്ടി വന്നാലോ കരാർ അസാധുവാക്കേണ്ടി വന്നാലോ അത് മൂലം കരാറുകാരന് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് വനം വകുപ്പിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

24. കോടതിയുടെഅധികാര പരിധി

(എ)കരാറുമായി ബന്ധപ്പെട്ട എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത് ആലത്തൂർ / നെല്ലിയാമ്പതി റെയിഞ്ച് ഏരിയകളിൽവെച്ച് ഉണ്ടായ തർക്കമായി പരിഗണിക്കുന്നതും അതുമൂലമുണ്ടാകാവുന്ന കേസ്സുകൾ ആലത്തൂർ മുൻസിഫ് കോടതിയുടെ പരിധിയിൽ വരുന്നതുമായിരിക്കും.

(ബി) കരാറുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ വ്യാഖ്യാനം ചെയ്യുന്നതിനുള്ള അധികാരി കേരള വനം വകുപ്പ് ആയിരിക്കുകയും വനം വകുപ്പിന്റെ തീരുമാനം അന്തിമവും കരാറുകാരന് ബാധകമായിരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ നമ്പർ 04923-243179) നെല്ലിയാമ്പതി റെയിഞ്ചാഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ നമ്പർ 8547602120) ***www.mstc ecommerce.com***or www.forest.kerala.gov.in. എന്ന വെബ്സൈറ്റിൽ നിന്നോ ലഭ്യമാകുന്നതാണ്.

Sd/-
പ്രവീൺ. പി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നെന്മാറ ഡിവിഷൻ, നെന്മാറ
(കേരള ഗവർണ്ണർക്കു വേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നെന്മാറ വനം ഡിവിഷൻ

ഇ-ദർഘാസ് പരസ്യം

KFDDO/13166/2026-DFONMR/D തീയതി : **15.06.2026**

കേരള വനം വകുപ്പിലെ നെന്മാറ ഡിവിഷനിൽ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് പരിചയസമ്പന്നരായ നിശ്ചിതയോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഓൺലൈൻ ദർഘാസ് ക്ഷണിക്കുന്നു. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം ദർഘാസ് പ്രമാണവില എന്നിവ **State Bank of India** ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളിൽ **NEFT** വഴിയോ ഓൺലൈനിൽ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ് സൈറ്റിലൂടെ ഓൺലൈനായി മാത്രമെ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ താമസിച്ചു സമർപ്പിക്കുന്ന ടെണ്ടറുകളുടെ സ്വീകരിക്കുന്നതല്ല. ഇ-ടെണ്ടർ സംബന്ധിക്കുന്ന നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

ദർഘാസ് ഫോറത്തിന്റെ വില, പ്രവൃത്തിയുടെ ഉദ്ദേശിക്കുന്ന അടങ്കൽ തുക എന്നിവ താഴെപറയും പ്രകാരമാണ്. ടി വിവരങ്ങൾ ഏകദേശം മാത്രമാണ്. യഥാർത്ഥ തുകയും വിവരങ്ങളും ഓൺലൈനിൽ ലഭ്യമായിരിക്കും.

പട്ടിക

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക	നിരത ദ്രവ്യം	ദർഘാസ് ഫോറത്തിന്റെ വില	ജോലി പൂർത്തിയാക്കാനുള്ള കാലാവധി
1	Cost of Construction of Tourist Amenity Centre with Ticket Counter, Eco Shop, Cafeteria and Toilet Block at Minnamppara Eco Tourism Centre under Thekkady Forest Station of Kollengode Range during 2026-27	50,82,000/-	50,000/-	2500/- (GST Extra)	കരാർ തീയതി മുതൽ 12 മാസം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പ്രമാണങ്ങളുടെ വില്പന	www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്
ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും	**16.06.2026 @ 5 PM**
ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും	**23.06.2026 Up to 5 PM**
ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നെന്മാറ **24.06.2026 @ 5 PM**
കരാറുകാരന്റെ ക്ലാസ്സ്	**PWD A, B & C** ക്ലാസ്സ് കോൺട്രാക്ട് ലൈസൻസ് ഉള്ളവർ.

ഓൺലൈൻ ടെണ്ടറിനോടൊപ്പം ഒപ്പിട്ട പ്രാഥമിക ഉടമ്പടി, സ്കാൻ ചെയ്ത മറ്റു രേഖകളുടെ പകർപ്പ്, PWD സൂപ്രണ്ട് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചീനീയർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ്, ആധാർ കാർഡ്, ജി. എസ്. ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇ-പേയ്മെന്റ് ഫോം, ബിഡ് ഡോക്യുമെന്റ്, BoQ, EMD ഒഴിവാക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (ഉണ്ടെങ്കിൽ) മുതലായവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC/KITM നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ് ഡെസ്കിൽ നിന്നോ, ഈ ഓഫീസിൽ നിന്നോ, റെയ്ഞ്ച് ഓഫീസുകളിൽ നിന്നോ ഓഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംങ്ങ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇവ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ടെക്നിക്കൽ ബിഡും, ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാതു കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർ വിവരങ്ങൾ അപ്ലോഡു ചെയ്യുന്നതിനും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും ഡിപ്പാർട്ടുമെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ടെണ്ടർ തുറക്കുന്ന തിയ്യതി ഒരു പൊതു അവധിയായി പ്രഖ്യാപിക്കുകയോ, സാങ്കേതികമായ മറ്റേതെങ്കിലും കാരണങ്ങളാലോ ടെണ്ടർ തുറക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടെണ്ടർ തുറക്കുന്നതായിരിക്കും.ദർഘാസ് സമർപ്പിച്ചിട്ടുള്ള കരാറുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസ് തുറക്കുന്നതാണ്. കരാറുകാരോ അവരുടെ പ്രതിനിധികളോ സന്നിഹിതരല്ലെങ്കിലും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസ് തുറക്കുന്നതാണ്. ഇ-ദർഘാസിലെ ഏതൊരു പ്രവർത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു.ദർഘാസ് സംബന്ധമായ കേരള പൊതുമരാമത്തു വകുപ്പിലും വനംവകുപ്പിലും നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും.

.

Sd/-
പ്രവീൺ.പി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറ.
(കേരള ഗവർണർക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NEMMARA FOREST DIVISION

E-TENDER NOTICE

KFDDO/13166/2026-DFONMR/D തീയതി : **15.06.2026**

The Divisional Forest Officer, Nemmara Division for and on behalf of Governor of Kerala invites online tenders from registered bidders having a valid and active registration as per rules for the following work. Tender documents and tender schedules may be downloaded free of cost from the e-GP website www.etenders.kerala.gov.in. All bid/tender documents are to be submitted online only in the designation online cover(s)/envelope(s) on the www.etenders.kerala.gov.in website. Bids shall be accepted only through online mode www.etenders.kerala.gov.in website and tenders submitted manually/through post will not be accepted.

Cost of tender form and PAC amount is as follows.

SL. NO	NAME OF WORK	ESTIMATE AMOUNT IN LAKHS (aprox)	EMD	TENDER Fee	PERIOD FOR COMPLETION
1	Cost of Construction of Tourist Amenity Centre with Ticket Counter, Eco Shop, Cafeteria and Toilet Block at Minnamppara Eco Tourism Centre under Thekkady Forest Station of Kollengode Range during 2026-27	50,82,000/-	50,000/-	2500/- (GST Extra)	12 Months from the date of Agreement

The other details regarding this tender are as follows:

1) Sale of tender documents :Canbe downloadedfromthe websitewww.etenders.kerala.gov.in
2) Classification of bidder : **A,B, & C Class PWD Contractor**
3) Name of Division : Nemmara Division
4) Period of completion of work : As mentioned in the above table
5) Date from which the tender will be available in Website : **16.06.2026 @ 5 PM**
6) Last date of submission of tender : **23.06.2026 up to 5 PM**
7) Date of opening of tender : **24.06.2026 @ 5 PM**

Bidders shall remit the tender documents fee and Earnest Money Deposit using online payment option of e-procurement system only and submitted through the internet online banking of State Bank of India or through NEFT for other banks. The online

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

N E F T remittance from provided by e-procurement system for making a NEFT transaction is not a payment confirmation. Kerala Forest Department/NIC/SBT shall not be responsible for any kind of delay in payment status confirmation.

1. certificate duly attested by the PWD Kerala, EMD exemption certificate (if any), preliminary agreement executed in a white paper worth, duly filled up to proforma for availing e-payment by Online, failing which such tenders will be rejected.
2. The bidding authority reserves the right to modify / cancel any / all bids without assigning any reason. The Forest Department will not be responsible for any error like missing of scheduled data, while downloading by the bidder and non receipt of documents.
3. Any further clarifications on this tender can be obtained from NIC/KITM the e-Tender help desk number available in the www.etenders.kerala.gov.in website and from this office (04923 243179) during the office hours. The details regarding e- payment (bidder's bank account number where he/she is having core banking facility and email ID) should be submitted along with the tender. Tenders without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers.
4. The Forest department will not be responsible for any inconvenience or loss to the bidder while uploading/downloading the bid.
5. The tender/bids shall be opened online at the office of the Divisional Forest Officer, Nemmara in the presence of bidders/their representatives who wish to attend the above address. If the tender opening date happens to be on a holiday or non- working day due to any other valid reasons, the tender opening process will be done on the next working day.
6. All other existing conditions related to e-tendering of Kerala PWD/Forest will be applicable in this tender also

Sd/-
Preveen.P
Divisional Forest Officer
Nemmara Division
(On behalf of Kerala Governor)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നെന്മാറ വനം ഡിവിഷൻ

ഇ-ദർഘാസ് പരസ്യം

KFDDO/34894/2026-DFONMR/D തീയതി : **15.06.2026**

നെന്മാറ വനം ഡിവിഷനിലെ താഴെകൊടുത്തിട്ടുള്ള പട്ടികയിൽ പറയുന്ന ഫോറസ്ട്രി ജോലികൾ ചെയ്യുന്നതിന് വനം വകുപ്പിൽ ജി.ഒ.(എം.എസ്) 26/2017/വനം തീയതി 20.05.2017 & ജി.ഒ. (എം.എസ്) 141/2021/വനം തീയതി 06.05.2021 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ ഫോറസ്റ്റ് കോൺട്രാകടർമാരിൽ നിന്നും കേരളാ ഗവർണ്ണർക്കുവേണ്ടി നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസുകൾ ഓൺലൈനായി ക്ഷണിക്കുന്നു.

ദർഘാസുകാരൻ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും പി.ഡബ്ലിയൂ.ഡി. വ്യവസ്ഥകളും ഇതര വ്യവസ്ഥകളും പാലിക്കാൻ ബാദ്ധ്യസ്ഥനാണ്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ **NEFT** വഴിയോ ഇ-ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതാണ്. **NEFT** വഴി ഇ-പെയ്മെന്റ് നടത്തുന്ന ദർഘാസുകാർ ദർഘാസ് സമർപ്പിക്കുന്നതിന് മുൻപ് കുറഞ്ഞത് 72 മണിക്കൂർ മുൻപെങ്കിലും ടെൻഡർ ഫോറത്തിന്റെ വിലയും ഇ.എം.ഡി-യും **e-procurement system** ൽ എത്തിച്ചേർന്നതായി ഉറപ്പുവരുത്തേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകളും സ്വീകരിക്കുന്നതല്ല. ദർഘാസ് ഫോറത്തിന്റെ വില മാത്രമാണ് ഈടാക്കുന്നത്. ജി എസ് ടി **18%** നിരക്കിൽ കരാറുകാരൻ ജി എസ് ടി വകുപ്പിലേക്ക് നേരിട്ട് അടയ്ക്കേണ്ടതാണ്.

പട്ടിക

ക്രമനം	ദർഘാസ് സൂചന നമ്പർ	ജോലിയുടെ വിവരം	വിസ്തൃതി (ഹെക്ടർ)	അടങ്കൽ ദർഘാസ് (ലക്ഷത്തിൽ)	നിരതദ്രവ്യം (രൂപ)	ദർഘാസ് ഫോറത്തിന്റെ വില (രൂപ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1	KFDDO/ 34894/ 2026-DFONMR/D	Cost of 1st year eco-restoration activities at Rosary Eco Restoration Plantation (1980 Rosary Rubber Plantation) under Nelliyampathy Forest Station of Nelliyampathy Range during 2026-27	46.00 Ha (Effective Area 16.45 Ha)	41,26,000/-	50,000/-	2,500 + ജി.എസ്.ടി. 18%

ദർഘാസ് പ്രമാണങ്ങളുടെ വില്പന	www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്
ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും	**15.06.2026** **വൈകുന്നേരം 5.00 മണി**
ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും	**22.06.2026** **വൈകുന്നേരം 5.00 മണി വരെ**
ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നെന്മാറ **23.06.2026** **വൈകുന്നേരം 5.00 മണി**
കരാറുകാരന്റെ ക്ലാസ്സ്	ഫോറസ്ട്രി വർക്കുകൾ ചെയ്യുന്ന എ-ക്ലാസ്, ബി-ക്ലാസ് കോൺട്രാക്ട് ലൈസൻസ് ഉള്ളവർ.
കരാർ കാലാവധി	എഗ്രിമെന്റ് വയ്ക്കുന്ന തീയതി മുതൽ **350 ദിവസം (Before 31.05.2027)**

ഇ-ദർഘാസിനോടൊപ്പം വെള്ള പേപ്പറിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ടെൻഡർ ഡോക്യുമെന്റ് എന്നിവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ **NIC**-ൽ നിന്നോ, **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന e-tenders **help desk**-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടുനടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. കരാറുകാരൻ വിവരങ്ങൾ അപ്ലോഡു ചെയ്യുന്നതിനും മറ്റു ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയിരിക്കുന്നതല്ല.നിലവിലുള്ള എല്ലാ ദർഘാസ് വ്യവസ്ഥകളും, പി.ഡബ്ലിയൂ.ഡി. ദർഘാസ് വ്യവസ്ഥകളും ഇ-ടെൻഡറിനും ബാധകമായിരിക്കും. പ്രസ്തുത ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദുചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിലും മേലധികാരിയിലും നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

വിജയിയാകുന്ന ദർഘാസുകാരൻ നിയമാനുസൃത തുകയ്ക്കുള്ള മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പു തീയതി മുതൽ **15** ദിവസത്തിനുള്ളിൽ കരാർ തുകയുടെ **05 %** സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നെല്ലിയാമ്പതി റെയിഞ്ചാഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

Sd/-

പ്രവീൺ.പി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറ.
(കേരള ഗവർണർക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിബന്ധനകൾ

1. ജി ഒ (എംഎസ്സ്) 26/2017 വനം വന്യജീവി വകുപ്പ് തീയതി 20.05.2017 & ജി.ഒ. (എം.എസ്) 141/2021/വനം തീയതി 06.05.2021 എന്നീ സർക്കാർ ഉത്തരവിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ നിയമം 1972 ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയനായിരിക്കുന്നതാണ്.
2. നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരായിട്ടുള്ള ദർഘാസുകാരുടെയോ അവരുടെ ചുമതലപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കുന്നതായിരിക്കും. വിജ്ഞാപനം ചെയ്ത തീയതി അവധി ദിവസമാണെങ്കിൽ അടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും സമയത്തും ടെണ്ടർ നടത്തുന്നതായിരിക്കും.
3. ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ദർഘാസ് ഫോറം ആ വ്യക്തിക്കു മാത്രവും ടെണ്ടർ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
4. ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ കരട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.
5. ദർഘാസ് സമർപ്പിക്കുന്നതിനു മുൻപായി ജോലി നടത്തേണ്ട സ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ആയതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. ദർഘാസിൽ പങ്കെടുക്കുന്ന ആൾ ദർഘാസ് ഷെഡ്യൂളിൽ പറയുന്ന മതിപ്പ് കരാർ തുകയുടെ ഇത്ര ശതമാനം എന്ന് ദർഘാസ് ഫോറത്തിലെ പ്രസക്ത കോളത്തിൽ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും, അക്ഷരത്തിലും വ്യത്യസ്ത നിരക്കുകളാണ് രേഖപ്പെടുത്തുന്നതെങ്കിൽ അതിൽ കുറഞ്ഞ നിരക്ക് പ്രാബല്യത്തിലുള്ളതായി പരിഗണിക്കുന്നതായിരിക്കും. ആയത് അംഗീകരിക്കാൻ ദർഘാസുകാരൻ ബാദ്ധ്യസ്ഥനാണ്. ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂർത്തിയാക്കാൻ കഴിയുന്നതിലും വളരെ കുറവാണെന്ന് വനം വകുപ്പ് കാണുന്ന പക്ഷം ആയത് സംബന്ധിച്ച് ദർഘാസുകാരനിൽ നിന്നും തൃപ്തികരമായ വിശദീകരണം നൽകാൻ ആവശ്യപ്പെടുന്നതുമാണ്. ഇത്തരം സന്ദർഭത്തിൽ ദർഘാസ് അംഗീകരിക്കുന്നതിനു മുൻപായി രേഖപ്പെടുത്തിയിട്ടുള്ള നിരക്കിന്റെ **10% അധിക സെക്യൂരിറ്റിയായി ഒടുക്കുവാൻ ആവശ്യപ്പെടാവുന്നതാണ്**. വിശദീകരണം തൃപ്തികരമല്ല എന്നു കാണുന്ന പക്ഷം അഥവാ വിശദീകരണം നൽകിയിട്ടില്ലായെങ്കിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.

7. നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല.

8. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

9. ലഭിച്ചിട്ടുള്ള ദർഘാസുകൾ ഒന്നാം ഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ **23.06.2025 ന് വൈകുന്നേരം 5 മണിക്ക്** അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

10. ദർഘാസിന്റെ ഒന്നാം ഭാഗം (Technical bid) അംഗീകരിച്ചിട്ടുള്ള കോൺട്രാക്ടർമാരുടെ മാത്രം രണ്ടാം ഭാഗം (Financial bid) തുറക്കുന്ന സമയം പിന്നീട് പ്രഖ്യാപിക്കുന്നതാണ്. ടെണ്ടറിന്റെ ഒന്നാം ഭാഗം തുറന്നാലുടൻതന്നെ രണ്ടാം ഭാഗം തുറക്കുന്ന സമയം അറിയിക്കുന്നതാണ്.

11. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

12. ദർഘാസ് തുക രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ദർഘാസുകാരെ അനുവദിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

13. ആരുടെ ദർഘാസാണോ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ദർഘാസിൽ കൊടുത്തിരിക്കുന്ന വിലാസത്തിൽ e-mail മുഖാന്തിരം അറിയിക്കുന്നതാണ്. വിജയിയായ ദർഘാസുകാരൻ 15 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള നിയമാനുസൃത തുകയ്ക്കുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേണ്ടതാണ്. ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ആളിനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്ന പക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

14. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ **5%** സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. **25%** ൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന ദർഘാസുകാരൻ **10% അധിക സെക്യൂരിറ്റി ഒടുക്കേണ്ടതാണ്**. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

15. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

16. ദർഘാസ് അംഗീകരിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

17. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

18. ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശ മായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

19. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള സ്ഥല വിസ്തൃതി ഏകദേശം മാത്രമാണ്. ദർഘാസ്കാരൻ സർവ്വേപ്രകാരമുള്ള യഥാർത്ഥ വിസ്തൃതിക്ക് ബാധ്യസ്ഥനാണ്.

20. ദർഘാസ് കാലയളവിൽ കോൺട്രാക്ടർ കളകൾ നീക്കം ചെയ്ത് തോട്ടങ്ങൾ സംരക്ഷിക്കേണ്ടതാണ്.

21. ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ നിലവിലെ കോൺട്രാക്ട് സിസ്റ്റത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ബില്ലുകൾ അനുവദിച്ചു നൽകുന്നതാണ്.

22. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണ ങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ ആ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ഇപ്രകാരം അധികമായി ചെയ്യുന്ന പ്രവൃത്തിയ്ക്ക് ദർഘാസിൽ പറഞ്ഞിരിക്കുന്ന നിരക്ക് അടങ്കൽ നിരക്കിനേക്കാൾ കൂടുതലാണെങ്കിൽ ഫോറസ്റ്റ് ഷെഡ്യൂൾ നിരക്കിലും, കുറവാണെങ്കിൽ കുറഞ്ഞ നിരക്കിലും ആയിരിക്കും തുക മാറി നൽകുക.

23. കോൺട്രാക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള ടെൻഡറുകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടാൽ കോൺട്രാക്ട് സിസ്റ്റം അല്ലാത്ത മറ്റ് മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അധികാരം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

24. ദർഘാസ് നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ഈ ദർഘാസിനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾ നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും (ഫോൺ 04923 243179) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

Sd/-

പ്രവീൺ.പി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറ.
(കേരള ഗവർണർക്കുവേണ്ടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NEMMARA FOREST DIVISION

E-TENDER NOTICE

KFDDO/34894/2026-DFONMR/D Date : **15.06.2026**

The Divisional Forest Officer, Nemmara for and on behalf of the Governor of Kerala invites separate online e-tenders from registered eligible contractors/bidders having a valid and active registration with Kerala Forest Department in pursuance of G.O(MS) No. 26/2017/F&WLD dated 20.05.2017 and GO (Ms) No. 141/2021 dtd 06.05.2021 for the execution of works noted in the schedule attached below.

The tenderer is bound to comply with the terms and conditions in force, besides the conditions that will be framed by the Government in future in connection with this tender. Tender documents and tender schedules may be downloaded free of cost from the e-GP website *www.etenders.kerala.gov.in*. Bidders shall remit the tender document fee and the Earnest Money Deposit using online payment option of e-procurement system only and submitted through the internet online banking of State Bank of India or through NEFT for other banks. Bidders opting for NEFT facility of online payment are advised to exercise this option at least 72 hours before the closing date of bid to ensure that payment towards tender document fees and EMD are credited and a confirmation is reflected in the e-procurement system. The online NEFT remittance form provided by e-procurement system for making a NEFT transaction is not a payment confirmation. Kerala Forest Department /NIC/ SBI shall not be responsible for any kind of delay in payment status confirmation.

All bid/ tender documents are to be submitted online only and in the designation online cover(s)/envelope(s) on the *www.etenders.kerala.gov.in* website. Bids shall be accepted only through online mode *www.etenders.kerala.gov.in* website and tenders submitted manually/ through post will not be entertained. Late online bids will not be accepted. Department is charging Tender fee only. The bidder has to pay **GST amount at 18%** under reverse charge mechanism to GST department directly.

S C H E D U L E

Sl. No.	*Tender reference number*	*Name of work*	*Extent in Ha*	*Amount (Lakhs)*	*EMD (Rs.)*	*Cost of tender form (Rs.)*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1	KFDDO/ 34894/ 2026-DFONMR/D	Cost of 1st year eco-restoration activities at Rosary Eco Restoration Plantation (1980 Rosary Rubber Plantation) under Nelliyampathy Forest Station of Nelliyampathy Range during 2026-27	46.00 Ha (Effective Area 16.45 Ha)	41,26,000/-	50,000/-	2500 + GST @ 18%

The other details regarding this e- tender are as follows:

(1)	Sale of tender documents	:	Can be downloaded from the website *www.etenders.kerala.gov.in*
(2)	Classification of bidder	:	A & B Forestry works licensed contractors.
(3)	Name of Division	:	Divisional Forest Office, Nemmara
(4)	Period of completion of work	:	**31.05.2027**
(5)	Date from which the tender will be available in website	:	**15.06.2025 @ 5.00 P.M**
(6)	Last date of receipt of tender	:	**22.06.2025 Upto 5.00 P.M**
(7)	Date of opening tender	:	**23.06.2025 @ 5 PM in Nemmara Division.**

Bidders are requested to submit scanned copy of the following documents - Registration certificate duly attested by Gazetted Officer, preliminary agreement executed in plain paper duly filled up proforma for availing e-payment by Online. Any further clarifications on this tender can be obtained from NIC/ the e-tender Helpdesk number available in the ***www.etenders.kerala.gov.in*** website and

from this office during the office hours. The details regarding e-payment (Bidder's bank account number where he/she is having core banking facility and email ID)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

should be submitted along with the tender. Tenders without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers. The Forest Department will not be responsible for any inconvenience or loss to the Bidder while uploading/ downloading the bid.

All other existing conditions related to e-tender in Kerala Forest Department and PWD will be applicable in this e-tender also. The bidding authority deserves the right to modify / cancel any / all bids without assigning any reason. The Forest Department will not be responsible for any error like missing of scheduled data while downloading by the bidder and non receipt of documents.

The successful tenderer should execute an agreement in the prescribed format in a white paper as per the existing rules within 15 days from the date of intimation of acceptance of the tender after furnishing security deposit equal to **05% of the tender amount or Rs. 5,00,000/-** whichever is less. Further details can be had from the office of the Divisional Forest Officer, Nemmara during office hours.

Sd/-
Preveen.P
Divisional Forest Officer
Nemmara Division
(On behalf of Kerala Governor)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

CONDITIONS

1. *All provisions in* G.O(MS) No. 26/2017/F&WLD dated 20.05.2017 and GO (Ms) No. 141/2021 dtd 06.05.2021 *and regarding tender system in Kerala Forest Department, Kerala Forest Act 1961 and Wildlife Protection Act 1972 will be applicable to the tenderer.*
2. *The tender/bids shall be opened online at the office of the Divisional Forest Office, Nemmara in the presence of bidders / their representatives who wish to attend at the above address. If the tender opening date happens to be a holiday or non working day due to any other valid reason, the tender opening process will be done on the next working day at same time and place.*
3. *The tender form shall be used only by the person in whose name it is issued and for the work specified in the Schedule attached to the tender form.*
4. *Before submitting the tender, the tenderer is expected to study and scrutinize all the conditions in the agreement to be executed, the draft of which can be had for perusal at the Divisional Forest Office on any working day during office hours. They are also requested to study the detailed tender conditions attached to the tender document. No plea of ignorance of the agreement conditions or no complaint regarding the said conditions received after putting in the tender will be entertained.*
5. *Before submitting the tender the tenderer shall visit the area of work to study all the field conditions and nature of work and quote his rate accordingly. No enhancement in rate due to any reason will be entertained thereafter.*
6. *The tenderer shall quote in the appropriate column in the tender a firm percentage of basic rates per Hecotr amount for raising the plantation and maintenance of plantation up to 3rd year or as in the Schedule both in figures as well as in words. In the case of the tenderer quoting different total rate in words and figures also, lower of the same only be considered valid and shall be binding on him/her. If the Kerala Forest Department feels that the total amount quoted or item wise rate of any of the items quoted is unworkable due to variance to the lower side to an abnormal level with the Kerala Forest Department's estimated rates, the tenderer may be required to furnish satisfactory explanation on the above respect. In such an event, the Kerala Forest Department has the option to collect a* ***Additional Security Deposit to the tune of 10% of the quoted amount*** *from the tenderer before issuance of confirmation orders. If the explanation furnished is not found satisfactory or no explanation is furnished, the Kerala Forest Department has the right to deny the offer of work to the tenderer even though he/she is the lowest tenderer.*
7. *Tender received after the specified date and time or received without the requisite enclosures or tenders not written up in proper order or form will not be honoured.*
8. *All the corrections in the tender form shall be initialed by the tenderer himself.*
9. *Part I (Technical Bid) of the tenders received in due time will be opened by the Divisional Forest Officer or his deputy at his office at* ***5 P.M on 23.06.2026*** *in the presence of such of the tenderers present on that occasion.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

10. *Part-II tenders (Financial bid) of the tenderers whose Part-I tenders have been accepted only will be opened subsequently. The time and place of opening of the Part II tenders will be announced immediately on the acceptance of the Part I tender.*

11. *The lowest tender will ordinarily be accepted, but the authority competent to accept the tender reserves to himself the power of accepting or rejecting any tender without assigning any reason therefore.*

12. *No tenderer will be permitted to withdraw his offer within three months from the date of opening of the financial bid.*

13. *The tenderer whose tender is accepted will be informed regarding acceptance of his tender by a Confirmation Order issued by registered letter bearing the address mentioned in the tender. The successful tenderer, within 15 days of receipt of confirmation of his tender, shall have to execute an agreement in the prescribed form [Appendix 13] on a plain paper to be supplied by him at his cost. If the Contractor fails to execute the agreement during the period, the tender will be cancelled, and the Ernest Money Deposit submitted by the tenderer shall stand forfeited to the Kerala Forest Department. The work will be carried out at the risk and cost of the tenderer or through any other method (including through the next higher tenderer). The loss, if any, to the Government consequent to the default, if not paid by the defaulter within a reasonable time specified by the Divisional Forest Officer, shall be treated as arrears on public revenue to be recovered from the defaulter under the provisions of the Kerala Revenue recovery Act 1968 and in such other manner as the Government may deem fit. The defaulter however will not be entitled for gain, if any.*

14. *The successful tenderer while signing the agreement shall furnish a security deposit for an amount equal to* ***05 per cent of the total Probable Amount of Contract. if the rate quted is below 25%,10 per cent of Additional Performance Gurantee of the Probable Amount of Contract*** *should be furnished. The security deposit will be released only after the successful completion of the contract work and after producing the Non Liability Certificate from the concerned officers.*

15. *The successful tenderer shall give an undertaking at the time of execution of agreement that he shall not sell, mortgage or otherwise alienate the properties covered by the solvency certificate during the currency of the contract.*

16. *The post-offers and representations sent, after confirmation of the tender in respect of work shall at no account be considered.*

17. *The Earnest Money Deposit of the unsuccessful tenderers will be returned as soon as possible after the tenders are finalized.*

18. *The quantities of work shown in the Schedule are approximate and it may vary on actual execution of work.*

19. *The area shown in the tender schedule is approximate. The actual extent of the contract area may vary as per the final survey report, which will be binding on the successful tenderer.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

20. *The contractor has to keep the plantation free from weeds throughout the contract period.*

21.. *Payment shall be made to the contractor at any stage as decided by the paying authority and based on the works so far completed to the full satisfaction of the paying authority and after proper inspection and recording of the works done/completed and as per the existing provisions of the contract system.*

22. *It shall be open to the Divisional Forest Officer to cancel/reduce the quantity of work to be executed in the attached schedule based on site conditions in each year and the Divisional Forest Officer's decision will be binding on the successful tenderer. If any additional item/s of work which are not included in the schedule are required to be carried out inevitably for reasons to be recorded, in the contract area during the course of contract period, the successful tenderer is bound to execute that work for which payment shall be worked out based on the rate quoted above or below the estimate amount. If the cost quoted is above estimate amount, the payment shall be made based on the estimate amount/ schedule rate and if the cost of work is below the estimate amount, payment shall be made as per the quoted rate.*

23. *Kerala Forest Department reserves the right to execute the work through any other mode of execution other than through contract system if the tender offered by the contractors is not feasible according to the Department.*

24. *All the taxes prevailing at the time of tender is applicable to this tender.*

Further details can be available from Divisional Forest Office, Nenmara and in Telephone No. 04912 243179 on working days.

Sd/-
Preveen.P,
Divisional Forest Officer, Nenmara
(For and on behalf of the Governor of Kerala)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ERRATUM NOTIFICATION

No. B6-4836/2008. *21st May 2026.*

It is hereby notified for the information of the public that the forest area as per details furnished in respect of Vested Forest in item No. 15 in the Notification published as per the Notification No. D.5272/77 dated 25-7-1980 of the Custodian of Vested Forests may be corrected and read as follows (The area falls under the jurisdiction of Divisional Forest Officer, South Wayanad Division, Kalpetta). The publication of this notification is made as required under Rule 2 (A) of the Kerala Private Forest (Vesting and Assignment) Rules, 1974 as per Government Notification No. 82055/82/FS2/76/AD dated 11-7-1977 and published in Kerala Government Gazette dated 25-1-1977.

District	*Range*	*Item No.*	*Name of Village*	*Survey No. with Subdivision*	*Taluk and Locality*	*Extent in Ha.*	*Boundary Description*			
							North	*South*	*East*	*West*
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
Wayanad	Kalpetta	15	Padinharathara	Block No.6 Old Sy. No.248/1A1 A1A/3 (Re-Sy. No. 190)	Vythiri Naimoola (Padinhara-thara)	7.1800	Private Land in Re-Sy. No. 189, 188, 196, 195 and occupied area in Re-Sy.540	Private Land in Re-Sy. No.191, 185	Private Land in Re-Sy. No.193, 192 and occupied area in Re-Sy. No. 541, 542	Private Land in Re-Sy. No.187, 186

Divisional Forest Office,
South Wayanad Division, Kalpetta,
Wayanad.

(Sd.)
Chief Conservator of Forests and
Custodian of Vested Forests.

EXPLANATORY NOTE

(This does not form part of the Notification but is intended to serve its general purport.)

An approximate extent of 8.2500 hectares of Vested Forest Land in old Sy. No. 248/1A1A1A/3 of Padinharathara Village was originally notified under Item No. 15 as per the Notification No. D.5272/77 dated 25-7-1980 of the Custodian of Vested Forests. However, after the survey and demarcation of the said Vested Forest and as per the survey sketch only 7.1800 Ha. is available in the field as per old Sy. No. 248/1A1A1A/3 (Re-Sy. No. 190) and also there were some differences in the boundary descriptions of the Vested Forest in the notification. The erratum notification is intended to correct the above mentioned defects and include the re-survey numbers.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.16 04:58:06 +05:30